ഗുരുപ്പട്ടക്കാൎക്കടുത്ത

# സുജ്ഞാന ദൎപ്പണം.

---

ഇത

ഫ്രാൻസ രാജ്യത്തിൽ, കത്താൻസ
എന്ന രൂപതയിലെ വെദവിദ്യാലയ
ശ്രെഷ്ഠാധിപൻെറ
വിശിഷ്ടപ്രബന്ധങ്ങളിൽനിന്ന
പരിഭാഷപ്പെടുത്തപ്പെട്ടതു.

---

വരാപ്പുഴെ
മെത്രാപ്പൊലീത്തായ്ക്കടുത്ത
അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടത
1881.
Superiorum permissu.

ദൈവകൃപയാലെയും, ശ്ലീഹാക്കൂട്ടത്ത ശുദ്ധ: സിംഹാസനത്തിന്റെ മനോഗുണത്താലെയും മലയാളത്തിന്റെ വികാരി അപ്പൊസ്തോലിക്കായുടെ കൊആദ്യുത്തൊരായ നാം

## ഫ്രെ മൎച്ചെല്ലീനൂസ ദെ സാന്ത ത്രെസ്യാ

### പാഞ്ഞ്ലൊ എന്ന ദിക്കിന്റെ മെത്രാൻ.

നമ്മുടെ ആജ്ഞയിൻ കീഴുള്ള ദൈവവൃഴിയക്കാൎക്ക എല്ലാവൎക്കും കൎത്താവിങ്കൽ സമാധാനവും ആശീൎവ്വാദവും.

മാന്ദാനത്തു മാർ യൌസെപ്പ പുണ്യവാളന്റെ ആശ്രമത്തിൽ വസിക്കുന്ന നമ്മുടെ സ്നേഹിക്കപ്പെട്ട സന്ന്യാസഗുരുക്കളിൽ ഒരുവൻ "സുജ്ഞാനദൎപ്പണം" എന്ന ൟ പ്രബന്ധത്തെ മലയാഴ്മ പരിഭാഷപ്പെടുത്തിയത ദൈവവൃഴിയക്കാരുടെ ഗുണത്തിന്മെൽ ഉള്ള താല്പൎയ്യത്താൽ ആകകൊണ്ടു; ൟ ജ്ഞാനദൎപ്പണത്തിൽ ചെയ്യരുതാത്തതും ചെയ്യെണ്ടുന്നതും സ്പഷ്ടമായി കാണാകുന്നതാകയാൽ ഇതിനെ ഇടവിടാതെ വായിക്കെണമെന്നും, ഗ്രന്ഥകൎത്താവും, നാമും കരുതിയ ജ്ഞാന

ഫലം പ്രാപിപ്പാൻ താല്പൎയ്യപ്പെടെണമെന്നും ഇടയന്നടുത്ത പക്ഷത്തൊടെ ദൈവവഴ്ഴിയക്കാര എല്ലാവരൊടും നാം ഗുണദൊഷം പറഞ്ഞപെക്ഷിക്കുന്നു.

൧൦൪൪ാം കാലം ചിങ്ങമാസത്തിൽ.

† Fr. MARCELLINUS, a S. Teresia,
Epis. Vic. apost. Coadiutor,

CARMEL CONVENT.

## ജ്ഞാപന സൂചകം.

—o—

എസ്തപ്പാനൊ, ട്രൂബെ എന്ന വെദാചാൎയ്യർ അനെകനാൾ ജ്ഞാനധ്യാനങ്ങളെ കഴിപ്പിച്ചു സഞ്ചരിച്ച ഒരു മഹാ ധ്യാനഗുരുവും പിന്നീട മുപ്പതാറ വത്സരം കത്തൊസ്സ ശ്രുപതയിലെ മഹാ സെമിനാരിയിലെ ശ്രെഷ്ഠാധിപനായി ഏറിയ വെദഗുരുക്കളാലിയായ അനെകം ബാല്യവൈദീകരെ ഭരിച്ചുനടത്തിയ ഒരു മഹാത്മാവുമായിരുന്നു. ആകയാൽ ഇദ്ദെഹത്തിൻെറ വൈദികക്കട്ടത്ത പുണ്യജീവിതവും ശാസ്ത്രനിപുണതയും എന്നുള്ള പൂജ്യമായ ന്യായങ്ങൾമാത്രമല്ലാതെ "ഏറിയനാളത്തെ പരിജ്ഞാനം" എന്നുള്ള മഹാ ന്യായവുംകൂടെ, ഇദ്ദെഹത്തിൻെറ ജ്ഞാനൊപദെശങ്ങളെ ഏററം നന്ദിയൊടെ പ്രമാണിപ്പാനുള്ളതിന്നു തക്കതിൽ ഒരു ഹെതുവായിരിക്കുന്നുവെന്നൊൎക്കെണ്ടതാണു.

പിന്നെയും, മന്ദതയുടെ ലക്ഷണങ്ങളാലിയായി ഠരം ചുരുങ്ങിയ കടലാസ്സുകളിൽ എഴുതി കാട്ടുന്നവ, നല്ല ഗുരുക്കളും ബാല്യ

ഗുരുക്കളും തങ്ങൾക്കു നേരിടുവാൻ പാടുള്ളതായ ആ മഹാ അപകടത്തിൽ അകപ്പെടായ്വാനും, ഭാഗ്യക്കേടായി അതിൽ അകപ്പെട്ടുപോയിരിക്കുന്നവർ വേഗം അതിൽനിന്നു രക്ഷപെടുവാനും തക്കതായ ഒരു ജ്ഞാനപാനമായിരിക്കുന്നുവെന്നു കരുതി കൂടക്കൂടെ വായിക്കേണ്ടതെന്നും കൂടെ ഓർക്കേണ്ടിയിരിക്കുന്നു.

## പട്ടക്കാർക്കടുത്ത പുണ്യ സാംഗോപാംഗത്തെപ്പറ്റിയുള്ള ചില സത്യവാക്യങ്ങൾ.

(പട്ടക്കാരർ) തങ്ങളുടെ ദൈവത്തിന്നായി പരിശുദ്ധരായിരിക്കേണം, അങ്ങെനാമത്തെ അവർ അശുദ്ധമാക്കയുമരുതു. എന്തെന്നാൽ, അവർ കർത്താവിന്റെ ധൂപവും, തങ്ങളുടെ ദൈവത്തിന്റെ അപ്പങ്ങളും കാഴ്ച്ചയണക്കുന്നു. ഇതിനാൽതന്നെ അവർ ശുദ്ധമാകപ്പെട്ടവരായിരിക്കേണം. (ലേവ്യർ, കാഠം. ൨.൬.) കർത്താവിന്റെ പാത്രങ്ങളെ ചുമക്കുന്നവരായ നിങ്ങൾ ശുദ്ധമുള്ളവരായിരി

ല്പിൻ. (എബ്ര: ൭)

"ഒ! മഹാ ദൈവമെ!! പഴയ നിയമത്തിലെ പട്ടക്കാരരെക്കുറിച്ചു ഇപ്രകാരമെങ്കിൽ പുതിയ നിയമത്തിലെ പട്ടക്കാരരായ നമ്മെക്കുറിച്ചു എന്തുപറയെണ്ടു!! വെറും അപ്പം മാത്രമല്ല, ധൂമം മാത്രമല്ല, കൎത്താവിന്റെ പാത്രങ്ങൾമാത്രമല്ല, എന്നിട്ടും: ഒ! വിചാരമില്ലായ്മയെ!!"

ശ്ലീഹാ: പൌലൊസ ഇപ്രകാരം, തീമൊഥെവൊസിൽ സകല പട്ടക്കാരരൊടും: എന്നാൽ നീ വാക്കിലും, നടപ്പിലും, സ്നെഹത്തിലും, വിശ്വാസത്തിലും, ശുദ്ധതയിലും, വിശ്വാസികളുടെ ഒരു ദൃഷ്ടാന്തമായിരിക്ക.

ഞാൻ വരുവൊളത്തിന്ന, വായനയിലും ബുദ്ധിയുപദെശത്തിലും പഠിപ്പിക്കയിലും താല്പൎയ്യമായിരിക്ക.

(Presbyterii) ഉരപ്പട്ട മൂപ്പസ്ഥാനത്തിന്റെ കൈവെപ്പൊടുകൂടെ ദീൎഘദൎശനത്താൽ നിനക്ക നൽകപ്പെട്ടതായി നിന്നിലുള്ള വരത്തെ ഉപെക്ഷവിചാരിക്കരുത.

നിന്റെ വൎദ്ധന യാവൎക്കും പ്രസിദ്ധമായിരിക്കെണ്ടുന്നതിന്ന ഇക്കാൎയ്യങ്ങളെ നിധ്യാനി

ക, ഇവയിൽ നീ ആയിരിക്ക, നിന്നെക്കു റിച്ചും നിന്റെ ഉപദെശത്തെക്കുറിച്ചും നി സൂക്ഷിച്ചുകൊൾക.

അവയിൽ സ്ഥിരമായിരിക്ക, എന്തുകൊ ണ്ടെന്നാൽ ഇങ്ങനെ ചെയ്യുന്നതിനാൽ നി ന്നെയും നിന്നിൽനിന്ന കെൾക്കുന്നവരെയും നീ രക്ഷിക്കും. അലംഭാവത്തൊടുകൂടിയുള്ള ഭക്തി വലിയ നെട്ടം (തന്നെ) ആകുന്ന. എ ന്തുകൊണ്ടെന്നാൽ നാം ഇഹലൊകത്തിലൊ ട്ടു ഒന്നും കൊണ്ടുവന്നിട്ടില്ല, നമുക്ക അതിൽ നിന്ന യാതൊന്നും കൊണ്ടുപൊകുവാൻ ക ഴിയുന്നതുമല്ല നിശ്ചയം.

അന്നവസ്ത്രങ്ങൾ ഉണ്ടായിട്ട നാം അവ യെകൊണ്ടു തൃപ്തിപ്പെട്ടിരിക്കെണം:.... ദ്രവ്യസ്നെഹം സകല ദൊഷങ്ങളുടെയും മൂ ലമാകുന്നു. നീയൊയെന്നാൽ, ദൈവത്തി ന്റെ മനുഷ്യനെ! ഇവയെ വിട്ടൊടുക:

പിന്നെ, നീതിയെയും, ഭക്തിയെയും, വി ശ്വാസത്തെയും, സ്നെഹത്തെയും, ക്ഷമയെയും, സാധുശീലത്തെയും നീ പിന്തുടൎന്ന (ആചരി ക്ക.) ഽരംശൊമിശിഹായുടെ നല്ലപടയാളി യെപ്പൊലെ നീ പ്രയത്നിച്ചുകൊൾക; ദൈ

ഖത്തിന്നായി പടസെവകം നടത്തുന്ന യാ വനും ലൌകീക കാൎയ്യങ്ങളിൽതന്നെ ഉദ്യൊ ഗപ്പെടുത്തുന്നില്ല.

ലജ്ജപ്പെടാത്ത വെലക്കാരനായി നിന്നെത്തന്നെ ദൈവത്തിന്റെ മുമ്പാകെ സമ്മതിക്കപ്പെട്ടവനാക്കി നിൎത്തുവാൻ താല്പൎയ്യപ്പെട്ടിരിക്ക.

അശുദ്ധമായും വ്യൎത്ഥമായുമുള്ള വൎത്തമാനങ്ങളെ വിട്ടൊഴിഞ്ഞിരിക്ക,

നീ ഉണൎച്ചയുള്ളവനായിരിക്ക; സകലത്തിലും അദ്ധ്വാനംചെയ്ക, സുവിശെഷകന്റെ തൊഴിൽ നീ നടത്തുക. നിന്റെ ഷിററാഴ്മയെ നീ നിവൃത്തിക്ക നീ പതപാകമുള്ളവനായിരിക്ക.

വിശ്വാസത്തിന്റെ നല്ല പൊരു നീ പൊരുതുക. നീ വിളിക്കപ്പെട്ടിരിക്കുന്നതായ നിത്യായുസ്സിനെ നീ അടക്കിക്കൊൾക,...

ഒ! ഈ ദൈവവാക്യങ്ങളെ നാം ഉററു ധ്യാനിക്കുന്നെങ്കിൽ പട്ടക്കാരരായ നമുക്കു പുണ്യസാംഗൊപാംഗത്തിനുള്ള ആ മഹാ കടവും മുറകളും വെണ്ടുംവണ്ണം കണ്ടുപിടിക്കാവുന്നതാകുന്നുവെന്നതിന്നു സംശയമില്ല.

പിന്നെയും, തിരുസ്സഭയിലെ ശുദ്ധ: പൂൎവ്വപിതാക്കൻ ഇപ്രകാരം പഠിപ്പിക്കുന്നു.

ശുദ്ധ: രെംറാന്നിമ്മൊസ: (പട്ടക്കാരരുടെ) വസ്ത്രം നിലവിളിച്ചറിയിക്കുന്നു, അന്തസ്സും നിലവിളിക്കുന്നു, ഉദ്യൊഗവും നിലവിളിക്കുന്നു, പട്ടക്കാരർ ആത്മപരിശുദ്ധരായിരിക്കെണമെന്നു. ശുദ്ധ: യൊ: ക്രിസൊസ്തൊ: യാവരും ഉന്നതമായ ഒരു മാതൃകയായി ഉററു സൂക്ഷിപ്പാൻ തക്കവണ്ണം പട്ടക്കാരന്റെ ജീവിതം കുറയററതായിരിക്കെണം, രെക്ഷംപെക്കു വിളക്കുകളും, ഉപാദ്ധ്യായരും ആയിരിപ്പാനും മാലാഖാമാരെപ്പൊലെ ഇഹലൊകത്തിൽ ജീവിപ്പാനുമായിട്ടത്രെ ദൈവം നമ്മെ തെരിഞ്ഞെടുത്തിരിക്കുന്നതു: ശുദ്ധ. മാലാഖാ: തൊമ്മാല്ലാൻ പട്ടക്കാരരുടെ സ്ഥാനമഹത്വത്താൽ, അവർ സന്ന്യാസികളെക്കാൾ ഏററം ഉയൎന്ന പുണ്യസാംഗൊപാംഗമുള്ളവരായിരിപ്പാൻ ആവശ്യമായിരിക്കുന്നു. ശുദ്ധ: ഗ്രിഗൊരി: പട്ടക്കാരൻ ആശാപാശങ്ങൾക്കു മരിച്ചവനായി ദിവ്യമായ ഒരു ജീവിതം കഴിപ്പാൻ ആവശ്യമായിരിക്കുന്നു.

കടന്തി, തിരുസ്സഭയിലെ സുന്നഹദൊസുകൾ ഇപ്രകാരം പഠിപ്പിക്കുന്നു: കൎത്താജ്ജിനെയിൽ കൂടിയ, ൩ാം തിരുസ്സംഘം: ശുദ്ധമാകപ്പെട്ടവരല്ലാത്തവർ പരിശുദ്ധമായ കാൎയ്യങ്ങളെ നടത്തെണ്ടതല്ല.

മിലാനിൽ കൂടിയ ൩ാം തിരുസ്സംഘം ഇപ്രകാരം പഠിപ്പിക്കുന്നു. ഒരു ദീപംപൊലെ നിങ്ങളുടെ പരിശുദ്ധ പുണ്യജീവിതത്തെ കാണ്മാൻ തക്കവണ്ണം നിങ്ങൾ പുണ്യമുള്ളവരായിരിപ്പിൻ. ത്രെന്തൊസു സുന്നഹദൊസ: അല്പമായ കുററങ്ങൾകൂടെ അവരിൽ (പട്ടക്കാരരിൽ) ഏറ്റവും വലിയ കുററങ്ങളായിരിക്കുന്നുപൊലെ വിചാരിച്ചു പട്ടക്കാർ ഒഴിഞ്ഞുപൊകെണ്ടിയിരിക്കുന്നു... കൎത്താവിന്റെ അംശത്തിന്നായി വിളിക്കപ്പെട്ടിരിക്കുന്ന പട്ടക്കാരരുടെ ഉടുപ്പിലും നടപ്പിലും വാക്കിലും അംഗ്യങ്ങളിലും എല്ലാററിലും മഹത്വ ഭാവവും പരപാകവും വെദഭക്തിയും പ്രസിദ്ധമായി കാട്ടുവാൻ തക്കതായിട്ടല്ലാതെ യാതൊന്നും ഉണ്ടാകാതിരിപ്പാൻ തക്കവണ്ണം അവരുടെ ജീവിതവും നടപടിയും ക്രമപ്പെടുത്തെണ്ടതു യൊഗ്യമായ കാൎയ്യമായിരിക്കുന്നു.

കുത്താൻസ എന്ന രൂപതയിലെ പ്രധാന വെദവിദ്യാലയത്തിന്റെ ശ്രെഷ്ഠാധിപനും മെല്പടി മെത്രാസനത്തിൽ മാറു കൊനെനഗൊസ്ഥാനക്കാരനുമായ പെ: ബ: എസ്തു: ദ്യൂബൊപാ എന്ന വെദാചാൎയ്യർ, സെമിനാരിക്കാരുടെയും പുത്തൻ പട്ടക്കാരുടെയും (വഴികാട്ടി) എന്നപെരായി ചമച്ചിട്ടുള്ള ഒരു വിശിഷ്ട പ്രബന്ധം ൩ാം ഭാഗം ൨൫ാം നിൎത്തിൽ ഒരുപട്ടക്കാരനിൽ ആത്മമന്ദരുടെ ലക്ഷണങ്ങളായി കാണാവുന്ന കുറികൾ എഴുതിക്കാട്ടിയിരിക്കുന്നതു ഇപ്രകാരമാകുന്നു:

൧ാമതു. സെമിനാരിയിൽനിന്നു പുറപ്പെട്ടുംമുമ്പെതന്നെ (പുണ്യജീവിതത്തിന്നായി) മുൻ കുറിച്ചിട്ടുള്ള നിയമരീതികളിന്മെൽ അരൊചകം തുടങ്ങുകയും പലസംഗതികളെ കാക്കാതെയുപെക്ഷിക്കയു, കാക്കുന്നവകളെത്തന്നെയും തക്ക കാരണം വരാതെ ദിനംപ്രതി ഉപെക്ഷിച്ചുപെക്ഷിച്ചു പൊരുകയും, സുകൃത കൃത്യങ്ങൾക്കും പഠനത്തിന്നും തന്നതു തൊഴിലിന്നടുത്ത മറ്റു പ്രവൃത്തികൾക്കു തക്ക സമയംകുറിച്ച ക്രമത്തൊടെ ചെയ്യാൻ വിചാരിക്കാതെ അപ്പൊഴപ്പൊൾ തൊ

ന്നംപ്രകാരം ചെയ്യുന്നതുതന്നെ ക്രമമെന്ന വെച്ചിരിക്കയുംചെയ്യുന്നു.

൭ാമത. ധ്യാന നമസ്കാരങ്ങൾ നന്നാ ചുരുക്കി കഴിക്കയും അകലപ്പെട്ടതും അടുക്കപ്പെട്ടതുമായ ആയതതകളെ. ഒന്നും ആചരിക്കാതെയിരിക്കയും, പ്രത്യെകിച്ചുള്ള യാതൊരു വിഷയവും ലാക്കാം കുറിക്കാതെ ധ്യാനം കഴിച്ചുവെന്ന പെരുവരുത്തുവാൻമാത്രം കഴിച്ചുകൂട്ടുകയും, തക്ക ന്യായം കൂടാതെ പലപ്പൊഴും ധ്യാനം ഉപെക്ഷിക്കയും, എന്നുവെണ്ടാ- ധ്യാനത്തിന്ന നിത്യവന്ദനംപറഞ്ഞുകൊണ്ടു തീരെ ധ്യാനമുപെക്ഷിച്ചുകളവാനുംകൂടെ തുനികയുംചെയ്യുന്നു.

൮ാമത. കുൎബ്ബാനയെന്ന പൂജയെ മടിയെ പ്രതി പലപ്പൊഴും അണെക്കാതിരിക്കയും, ഇത്തരമുപെക്ഷയെപ്പറ്റി ഒരു ഖെദവും ഹൃദയക്കടിയും കൂടാതിരിക്കയും, കുൎബ്ബാനചൊല്ലിത്തുടങ്ങിയ ആദ്യകാലങ്ങളിലെ ഭക്തിയുള്ള പെരുമാറ്റം വിട്ടുകള ഞ്ഞിട്ടു മഹാ ശിട്ടക്കെടൊടെ കുൎബ്ബാനചൊല്ലിത്തീൎക്കയും, ഇരുനിമിഷമായിപ്പൊയതെങ്ങിനെയാണെന്ന ചൊദിച്ചാൽ "ആയത്തുവെഗംചൊല്ലിത്തീൎക്കണ

മെന്നുള്ള ഏക താല്പൎയ്യത്താൽ ഒരുമാതിരിതഴക്കം വന്നുപൊയതുകൊണ്ടുതന്നെയാണെന്നു,, തന്നെത്താൻ അനുസരിച്ചു പറയും പിന്നെ കുൎബ്ബാനയിലെ കൎമ്മാചാരങ്ങളെ വളരെ ഊനതയൊടെ ചെയ്യുകയും, മുട്ടുകുത്തലുകളും തലകുനിച്ചിലുകളും റൂശ്മാകളും മററും വളരെ വികൃതഭാഷയാക്കി ചെയ്തുകൂട്ടുകയും, കുൎബ്ബാന ചൊല്ലുന്നതിന്നായി ആയത്തവും ചൊല്ലിയശെഷം സ്തൊത്രവും ചെയ്യുന്നതിൽ കുറെനെരം ചിലവഴിക്കുന്നതിന്നു മഹാ ഉദാസീനതയായിരിക്കയും, സാമാന്യം നിസ്സാരകാൎയ്യങ്ങളെപ്പററി ഉപകാരസ്മരണ തീരെയുപെക്ഷിച്ചുകളകയും, പലപ്പൊഴും ആ മാണിക്കമായ നെരം അനാചാരമായി, അവിടെ ആ സംകീൎത്തിയിൽ തന്നെ ഓരോരു വൎത്തമാനങ്ങൾ പറവാനായി ചിലവഴിക്കയും ചെയ്യുന്നു. ഇരിനാൽ തന്നെ അല്പംമുമ്പെ നിറവെററിയ ആ മഹാ പൂജ്യമായ ബലിയെ അത്ര സാരമായി കരുതുന്നില്ലെന്ന ഏത്രയും സ്പഷ്ടമായി കാട്ടുകയും അനാവശ്യമായ കാൎയ്യങ്ങളിന്മെൽക്കൂടെ വിഷാദിക്കുന്ന ഒരു സംശയ

കാരൻ താനല്ലെന്ന വെണ്ടുംവണ്ണം അറിഞ്ഞിരുന്നാലും ന്യായമുള്ള പാപസംശയങ്ങളെ കൂട്ടാക്കാതെ കലങ്ങിയ മനസ്സാക്ഷിയൊടെ ത്രൊണൊസിന്നണവാൻ ഭയംകൂടാതെ തുനികയും, ചൊല്ലിക്കഴിച്ച ശെഷം മുമ്പിലത്തെപ്പൊലെ സമാധാന മന്ദതയിൽ തന്നെ സുഖെന ജീവിക്കയും ചെയ്യുന്നു. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ചൊല്ലുന്നതിന്നായി ദിനംകുറിച്ചു വാങ്ങിച്ചിരിക്കുന്ന കുർബാനകളെ ചൊല്ലിത്തീക്കുന്നതിന്ന നാൽ താമസം വരുത്തുകയും, ചൊല്ലുന്നതിന്ന തുടങ്ങിയ കുർബാനകളുടെയും ചൊല്ലിത്തീൎത്ത കുർബാനകളുടെയും കണക്കുകൾ ക്രമത്തൊടും സൂക്ഷ്മതയൊടും കുറിക്കാതിരിക്കയും മററിതിൻവണ്ണമുള്ള ആയിരംകൂട്ടം സാരമായ ക്രമക്കെടുകളെ ചെയ്കയും ചെയ്തുവരുന്നു.

൪. കാനൊനാനമസ്കാരം, ഒരു യന്ത്രം നടക്കും വിധം ചൊല്ലിക്കൂട്ടുകയും, പ്രത്യെകിച്ചുള്ള യാതൊരു ശ്രദ്ധകരുതൽ കൂടാതെയും വെണ്ടുംപ്രകാരം ആയത്തംചെയ്യാതെയും നമസ്കാരം തുടങ്ങീട്ട പാട്ടുള്ളപ്രകാരം തിട്ടക്കപ്പെട്ടുകൊണ്ടും ശ്വാസംവലിക്കുന്നതിനൊ

ടെ മൊഴികളെ ഇഴച്ചുകൊണ്ടും മുഴുവനാ
യി മൊഴികളെ ഉച്ചരിക്കാതെ പല്പ്പാതി
യായി ശബ്ദിച്ചുകൊണ്ടും നമസ്കാരം ക്ഷണി
ച്ചുകൂട്ടുകയും, നമസ്കരിക്കുന്ന സമയത്തു സൎവ്വ
മഹത:മുള്ള ദൈവത്തിന്റെ തിരുസ്സന്നിധി
യിൽ ആയിരിക്കുന്നു നമസ്കരിക്കുന്നതെന്ന
ഓൎക്കാതെ ഒരു ആവിയന്ത്രത്തിന്നു തിപിടി
പ്പിച്ചിട്ടു ആവിയുടെ ശക്തി തീരുംവരെ യ
ന്ത്രം താനെ പണിയുംപ്രകാരം, നമസ്കരിപ്പാ
ൻ തുടങ്ങീട്ടു തീരുംവരെ ഉച്ചാരണമെന്ന
യന്ത്രം താനെ നടക്കത്തക്കവണ്ണം ഒരു ചിന്ത
യുംകൂടാതെ നമസ്കരിച്ചു തീൎക്കയും, അടക്ക
മുള്ള ഒരിടത്തിൽ നമസ്കരിപ്പാൻ പാടുള്ളതാ
യിരുന്നാലും അന്യ ചിന്തകൾക്കു അവകാശ
മുള്ള കലഹസ്ഥലങ്ങളിൽ വെച്ചു നമസ്കരി
ക്കയും, തക്ക ആവശ്യംകൂടാതെ ചാരിക്കിട
ന്നും മറ്റും എത്രയും അനാചാരമായ പട്ട
തിയിൽ നമസ്കരിക്കയും, അങ്ങിനത്തെ സ്ഥി
തിയിൽ വല്ലവരും തന്നെ കാണാതിരിപ്പാൻ സൂ
ക്ഷംവെച്ചു വല്ലവരും വരുന്നെന്നറിഞ്ഞാൽ
ഉടൻ സ്തുതിപ്പെട്ടെഴുന്നെല്പാൻ ഒരുങ്ങിക്കൊ
ണ്ടിരിക്കയും, ഒ! ഇതിനാൽ ദൈവത്തെക്കാ

ൽ മനുഷ്യരെയാകുന്ന വണക്കമായി മതിച്ചിരിക്കുന്നതെന്നു സ്പഷ്ടമായി കാട്ടുകയും ചെയ്യുന്നു. പിന്നെയും (സല്പ്രാ) ഉച്ചകഴിഞ്ഞും എത്തിക്കയും, എന്നുമാത്രമല്ല ലെല്യാ, സല്പ്രാ, റംശൊ, ആകെ, പാതിരാശ്ശുമുമ്പു തീർക്കത്തക്കവണ്ണം വലിച്ചു നീട്ടി അതതിന്റെ മയ്യാദയുള്ള സമയം തെററിച്ചുകൊണ്ടെത്തിക്കയും ഇപ്രകാരമുള്ള അമാന്തം കാരണത്താൽ കഴിയുന്ന ധൃതിയൊടും അന്യചിന്തകളൊടും മടിയൊടും ഉറക്കംതൂങ്ങിക്കൊണ്ടും മററും നമസ്കാരം എത്തിപ്പാനുള്ള അവകാശത്തിലാക്കി തീക്കയും, എന്നിട്ടും ഇപ്രകാരം തന്റെ തഴക്കത്തെപ്പററി ഒരു സംശയവും വിഷാദവും കൂടാതിരിക്കയും, കുമ്പസാരത്തിൽ ഠരം അമാന്തത്തെ കുററപ്പെടുത്താതിരിക്കയും, ചിലപ്പൊൾ കുററപ്പെടുത്തിയാലും ഠരം കുറച്ചില്ലുകളെ തീപ്പാനുള്ള താല്പയ്യവും ചിന്തയുംകൂടാതെ കുമ്പസാരിച്ചു പൊരികയും ചെയ്യുന്നു.

൫. ആത്മശൊധനയെന്ന സുകൃതചട്ടം വഴിയായി തന്നത ആത്മസ്ഥിതിയെ പരിശൊധിച്ചു കുറച്ചില്ലുകളെ തീപ്പാനായി സൂക്ഷ്മതയൊടെ വിചാരപ്പെടാതെ ആ പുണ്യാത്ഭ്യാ

സത്തെ ഉപെക്ഷിച്ചുകളകയും ദൈവത്തിന്ന ഏറിവൊടെ ശുശ്രൂഷചെയ്തിരുന്ന കാലങ്ങളിൽ എത്രയും സൂക്ഷമായി നടത്തിവന്ന ഈ അഭ്യാസം ഇപ്പൊൾ ഒരു നിസ്സാരകാൎയ്യമാണെന്ന വിചാരിച്ചിരിക്കയും ചെയ്യുന്നു.

൩. ജ്ഞാനപുസ്തകങ്ങളെ വായിച്ച പുണ്യജീവിതത്തിൽ തന്നെത്താൻ ഉണൎത്തിക്കൊണ്ടിരിപ്പാൻ വിചാരിക്കാതെ ജ്ഞാനവായന തീരെ ഉപെക്ഷിക്കയെങ്കിലും അല്ലെങ്കിൽ അപൂൎവ്വമായിട്ടും വെറുപ്പൊട്ടും ക്ഷണംകൊണ്ടു തീൎക്കത്തക്കവണ്ണം എത്രയും ചുരുക്കമായിട്ടും ഫലംകൂടാതെയും വായിക്കയുംചെയ്യുന്നു.

൪. ശുദ്ധ: കുൎബ്ബാനയെന്ന ദിവ്യകാരുണ്യത്തിൽ എഴുന്നെള്ളിയിരിക്കുന്ന ഈശൊതമ്പുരാനെ ചെന്നു കുമ്പിടുന്നതിന്നുള്ള പുണ്യാഭ്യാസത്തെ തീരെ വിട്ടുകളകയും, പിന്നെ വീണ്ടും നടത്തിത്തുടങ്ങുന്നതിന്നുള്ള ദൈവതൊന്നിപ്പു കൂട്ടാക്കാതിരിക്കയും, മനംമടുപ്പു തൊന്നുകയും ഒരുവെള രണ്ടൊ മൂന്നൊ മാസം നടത്തിവന്നശെഷം പിന്നെ ആയതു ഒരു അലൊഹ്യമായി കരുതുകയും, മഹാപ്ര

യാസത്തോടെ മന്ദമായി വല്ല നമസ്കാരങ്ങളെ ചൊല്ലിതീൎത്തശേഷം ൟശൊതമ്പുരാനെ നൊക്കി പകലത്തിന്നടുത്ത ഒരു മൊഴിയുമുണൎത്തിക്കാതെ എല്ലാം മതിയാക്കി എഴുന്നെററു പൊയ്ക്കളകയും ചെയ്യുന്നു.

൬. കുമ്പസാരമെന്ന കൂദാശയെ ആഴ്ചതൊറും കൈക്കൊണ്ടുവന്നിരുന്നത്തു,രണ്ടൊ മൂന്നൊ ആഴ്ച ചെന്നിട്ടു കുമ്പസാരിച്ചുകൊള്ളാമെന്നുവെച്ചു ഉപെക്ഷിക്കയും. കുമ്പസാരിക്കുമ്പൊഴൊക്കയും മൂന്നൊ നാലൊ ദൊഷങ്ങളെ പതിവായിട്ടു കൊണ്ടുചെല്ലുകയും അവ അത്ര സാരമായി കരുതാത്തതിനാൽ വെണ്ടുന്ന മനസ്താപമില്ലെന്നു മനസ്സാക്ഷിയിൽ തൊന്നിയിരുന്നാലും കാൎയ്യം കഴിച്ചു പൊരുകയും, കുമ്പസാരത്തിൽ കുററപ്പെടുത്തി അറിയിപ്പാൻ ആവശ്യമുള്ള പല കൂട്ടങ്ങളെ മിണ്ടാതിരിക്കയും ഇങ്ങിനെ ഉപെക്ഷിക്കുന്നതിന്മെൽ ഒരു വിചാരവും കൂടാതിരിക്കയും ചെയ്യുന്നു. ആത്മശൊധനയിലെ കുറച്ചിലുകളും പതിവായിട്ടു ഓരൊരു കാൎയ്യങ്ങളിൽ ഉള്ള സൂക്ഷക്കെടും കുററപ്പെടുത്തി പറകയും; പിന്നെ, തിന്മകളുടെ വെരുകൾ തി

രഞ്ഞു മാറുന്നതിന്മെൽ ഒരു ചിന്തയുമില്ല. പൊതുവായി ചില കൂട്ടങ്ങളെ കുമ്പസാരത്തിൽ പറയുന്നതുകൊണ്ടുമാത്രം എല്ലാം ശരിയാക്കി ദൊഷംപൊക്കിച്ചു പൊരുകയും, അതിന്റെശെഷവും മുമ്പിലത്തെ മന്ദതയിൽതന്നെ സുഖെന ജീവിക്കയും ചെയ്യുന്നു. എന്നാൽ ചിലപ്പൊൾ, തന്നെ കുമ്പസാരിപ്പിക്കുന്ന പട്ടക്കാരൻ ഒട്ടു ധൈര്യത്തൊടെ വല്ല ദൊഷത്തെപ്പറ്റി കുറ്റപ്പെടുത്തുകയും അതിൽനിന്നു മാറുവാനായി വിടാതെ പ്രയത്നം ചെയ്കയും ചെയ്യുന്നവെന്നുകണ്ടാൽ അപ്പൊൾ തനിക്കൊത്ത വെറെയൊരു പട്ടക്കാരനെ തെടി മുമ്പിലത്തെ നല്ല കുമ്പസ്സാരക്കാരനെ ഉപെക്ഷിച്ചുകളയുന്നു. ഇങ്ങിനെ, താൻ പൊതുവായി ചിലകൂട്ടങ്ങളെ കുമ്പസാരിക്കുംപൊലെ പിന്നത്തെ ഠം കുമ്പസാരക്കാരനും പൊതുവായി ചില ഉപദെശങ്ങളെ ചൊല്ലിക്കൂട്ടി ദൊഷം പൊക്കി വിടുകയും അതുകണ്ടു തൃപ്തിയായി ജീവിക്കയുംചെയ്യുന്നു.

൬. ശ്രദ്ധ: കൂദാശകൾ തിരുസ്സഭയിലുള്ള എറ്റം പരിശുദ്ധമായ കൎമ്മങ്ങളാകുന്നതി

ന്നുള്ള ചിന്തകൂടാതെ കൂദാശകളെ കൊടു
ക്കയും, കൂദാശകളെ പിറവാഴ്മചെയ്യുംമുമ്പെ
യാതൊരു ആയത്തതയും ചെയ്യാതിരിക്കയും
അതാത്തു കൂദാശകൾക്കായി ക്രമപ്പുസ്തകത്തി
ൽ നിയമിച്ചിരിക്കുന്ന മഹാ സാരമായ ജ
പങ്ങളെ ഭക്തിയും,വണക്കവും, സൂക്ഷവും,
ഒരു മഹത്വഭാവവും കൂടാതെ മഹാ പ്രതി
യൊടെ ചൊല്ലിക്കൂട്ടുകയും ചെയ്യുന്നു.

൨൦. തനത്തു പൂജ്യമായതൊഴിലിനെ ശ്ര
ഷ്ഠാന്തിയൊടെ നടത്തിയിരുന്ന നാളുകളി
ൽ മഹാ ജാഗ്രതയായിട്ടു കുമ്പസാരമെന്ന
കൂദാശയെ കൊടുത്തിരുന്നു. എന്നാൽ ഇ
പ്പൊൾ അതിന്നു മടിയും വെറുപ്പുമായിരിക്ക
യും കുമ്പസാരിപ്പാൻ പള്ളിയിൽ ആളുകൾ
അച്ചനെ പാർത്തിരിക്കുന്നുവെന്നു കെൾക്കുന്ന
തുതന്നെ വെറുപ്പായി ഉടൻ പിറുപിറുപ്പാ
ൻ തുടങ്ങുകയും, പിന്നെ വലിയ മട്ടുപ്പുകാ
ട്ടികൊണ്ടു കുമ്പസാരിപ്പിക്കയും ചെയ്യുന്നു. ഇ
പ്പണികൊണ്ടു അത്രയടുക്കെ കുമ്പസാരി
ക്കെണ്ടതല്ലായെന്നുള്ള വിചാരം കുമ്പസാരി
പ്പാൻ വരുന്നവൎക്കു തൊന്നുവാൻ ഇടവരു
ത്തുകയുംചെയ്യുന്നു. ഭക്തിയുള്ള ആത്മാവുക

ളൊടു നല്ല ബുദ്ധികളെ തെളിവൊടെ പറഞ്ഞുകൊടുത്ത അവൎക്കുവെണ്ടുന്ന വിശെഷ വെളിവുവരുത്തി പുണ്യവഴിയിൽ തെറ്റുകൂടാതെ നടത്തുവാൻ പ്രയാസപ്പെടാതെ അവരെക്കൊണ്ടു വെറുപ്പായി സംസാരിക്കയും അവരൊടു അരിശപ്പെടുകയും കൂടക്കൂടെ ശ്രദ്ധ: കൂദാശകളെ ഭക്തിയൊടുകൂടെ കൈക്കൊള്ളുന്നതിന്നു അവരെ ആയത്തപ്പെടുത്താതെ കൂദാശകളുടെ കൈക്കൊള്ളപ്പാട്ടിൽനിന്നു അവരെ അകറ്റുകയും ചെയ്യുന്നു. കുമ്പസാരിപ്പിക്കാതിരിക്കുന്നതിന്നു ഓരൊരൊ ഒഴിവുകളെ തെടുകയും, തന്റെ ഒഴിവുകൾ സാരമുള്ളവയല്ലെന്നു കുമ്പസാരിപ്പാൻ വന്നിരിക്കുന്നവൎക്കു കൂടെയും തിരിയുന്നുണ്ടെന്നു കാണുന്നതിനാൽ തനിക്കുണ്ടാകുന്ന ഹൃദയക്കേടിയെ കൂട്ടാക്കാതിരിക്കയും, വെണ്ടുന്ന ചൊദ്യങ്ങളെ ചെയ്യാതെ കടന്ന വിധത്തിൽ ധൃതിപ്പെട്ടു കുമ്പസാരിപ്പിക്കയും, പിന്നെ കുമ്പസാരിക്കുന്നവർ വല്ല കാൎയ്യം ഒട്ടു തെളിവായിപ്പറവാൻ തുടങ്ങിയാൽ അവരുടെ വാക്കു ഇടയിൽ തടുക്കുകയും ചെയ്യുന്നു. ഒരു മൊഴിയായിട്ടു പറ

ഞാൽ താൻ വളരെ മനസ്സുകെടൊടുകൂ
ടെയത്രെ കുമ്പസാരിപ്പിക്കുന്നതെന്നു ശെഷം
പെക്കും തിരിവാൻ തക്കവണ്ണം അതൃപ്തി
മിഷ്ടം കാട്ടുകയുംചെയ്യുന്നു. ഇതിനാൽ ഇട
വകയിലുള്ളവർ ൟ വിവരമറിഞ്ഞിട്ടു ഏറി
യപെര കുമ്പസാരം അമാന്തിച്ചുകളയു
ന്നു. കുമ്പസാരിപ്പിപ്പാനും അതുവഴിയായി
പാപികളെ. ദൈവത്തൊടു നിരപ്പാക്കുവാ
നും പട്ടക്കാരന്നു താല്പൎയ്യമാണെന്നു അവർ
കണ്ടിരുന്നെങ്കിൽ ഒ! എത്രയൊ ദൊഷത്താ
ളർ അവൎക്കുള്ള സ്വഭാവ ലജ്ജയും മടി
യും ജയിച്ചു കുമ്പസാരിപ്പാൻ വന്നെനെ!
അയാൾ ഇത്ര മടിയും വെറുപ്പും കാട്ടുന്നതു
കൊണ്ടു അവരും അമാന്തിച്ചു നിത്യനാശ
ത്തിന്റെ വഴിയിൽതന്നെ മരിച്ചു ജീവിക്കു
ന്നു. എന്നാൽ ആത്മാവുകൾക്കു എത്രയും
പ്രയൊജനവും ആവശ്യവുമായ ൟ ചി
റൊഴ്മയുള്ള താല്പൎയ്യമായി ചിലവഴിക്കെണ്ടി
യ ൟ നെരം ൟയാൽ പിന്നെ എന്തിനാ
യിട്ടാണു ചിലവഴിക്കുന്നതു? ആയതു: പ്ര
യൊജനം നന്നാ കുറഞ്ഞതൊയൊ അല്ലെ
ങ്കിൽ പലപ്പൊഴും പട്ടക്കാൎക്കു എത്രയും അ

യോഗ്യമായിട്ടുള്ളനിസ്സാരമായകാൎയ്യങ്ങൾക്കായിട്ടൊ ചിലവഴിച്ചുവരുന്നുവെന്നു താന്താനെയനുസരിക്കും:

൰൫. പള്ളിയിലായിരിക്കുമ്പോൾ ആദൈവ വീട്ടിന്നു യോഗ്യമായ ഒരു മഹത്വഭാവവും അടക്കമൊതുക്കവും കൂടാതെയിരിക്കയും, നേരായ ഭക്തിയുടെ ഒരു അടയാളവും കാട്ടാതെ തിരുകൎമ്മങ്ങളെ ധൃതിയൊടെ കഴിച്ചുകൂട്ടുകയുംചെയ്യുന്നു. ആയത്തു തെളിവായിട്ടു പറയെണമെങ്കിൽ, ഉദാസീനനായ ഒരു കൂലിവെലക്കാരൻ പാട്ടപൊലെ വെഗം അവന്റെ വെല തീൎത്തുകൊണ്ടു പൊയാൽമതിയെന്നു വെച്ചുവെലചെയ്യുംപ്രകാരം ആത്മമന്ദതയുള്ള പട്ടക്കാരൻ, താൻ മിശിഹാതമ്പുരാന്റെ ശുശ്രൂഷിയായിരിക്കുന്നു, അങ്ങെ സന്നിധിയിലാകുന്നു ആ പരിശുദ്ധമായ ചിറ്റാമ്മകളെ നടത്തുന്നതെന്നു ഓൎക്കാതെ തിരുകൎമ്മങ്ങളെ നടത്തുകയും ഇങ്ങനെ എല്ലാംകൊണ്ടും യാതൊരു മഹത്വഭാവവും വിനയവുംകൂടാതെ പള്ളിയിൽ വ്യാപരിക്കയുംചെയ്യുന്നു.

൰൬. പള്ളിയിൽ വെടിപ്പില്ലാതെയായി

കാണുന്നതിന്മെൽ ഒരുവക ഉണ്ടവൃം തൊന്നാതിരിക്കയും യാവക്കും അറപ്പെതൊന്നിക്കുന്ന ആ വെടിപ്പില്ലായ്മയെ മാററുന്നതിന്നായി യാതൊരു സൂക്ഷവും ചെയ്യാതിരിക്കയും ചെയ്യുന്നു. തിരുവസ്ത്രങ്ങളെയും കൊത്താനാസക്ക്ഞ്ഞു മുതലായവയെയും കുറിച്ചു തനിക്കൊരു കാൎയ്യമില്ലാത്തതുപൊലെ ഇരിക്കയും, സങ്കീൎത്തി മുറിയിൽ എല്ലാം താറുമാറായി കിടക്കയും, എല്ലാംകൊണ്ടും അവിടെ പെരുമാറിപൊകുന്നയാൾ മഹാ ഉദാസീനനും വിശ്വാസത്തിന്റെ അരുചികെട്ടുപൊയിരിക്കുന്ന ഒരാളുമാകുന്നുവെന്നു കാണുന്നവൎക്കു തൊന്നിപ്പൊകുവാൻ തക്കവണ്ണം അരുയും ക്രമവും വെടിപ്പുമില്ലാതെയായിരിക്കയുംചെയ്യുന്നു.

൭൩. ചെയ്യുന്നതൊന്നും ചൊവ്വെ ദൈവത്തെ നൊക്കീട്ടുമാത്രം പ്രവൃത്തിക്കാതെ ഒരു മാതിരി തഴക്കവും മൎയ്യാദയുമെന്നപൊലെ ചെയ്തുപൊരുകയും, ദിവസം മുഴുവനും ഒരു ഭക്തിയുള്ള വിചാരമാകട്ടെ, തിരിച്ചു ഇന്ന കുറിമാനത്തിന്നായിട്ടെന്നുള്ള ഉറപ്പായ ഒരു ചിന്തയാകട്ടെ, ഒന്നുംക്രൂടാതെ മഹാമടി

യൊട്ടും മന്ദതയൊട്ടുംകൂടെ എല്ലാം കഴി ച്ചുകൂട്ടുകയും ചെയ്യുന്നു.

൫൪. സഹൊദരരെക്കൊണ്ടു ഒരു മാന വുംകൂടാതെ സംസാരിക്കയും, അവരുടെ ഓ രൊരു കുറച്ചിലുകളെ യാതൊരുന്യായംകൂ ടാതെ പ്രസിദ്ധമായി പറകയും, ആയത്തു ഉള്ളതിൽ കൂട്ടി പറകയും പലപ്പൊഴും അ ൎമ്മെനികളുടെ സമക്ഷത്തും അപ്രകാരം പറവാൻ ഒരു സംശയവും ഭയവും കൂടാതി രിക്കയും ചെയ്യുന്നു.

൫൫. ന്യായമുണ്ടെന്നുകരുതി ചിലയാളുക ളൊടു പിണക്കമായിരിക്കയും, അവരെ അടുപ്പിക്കാതിരിക്കയും, ഇങ്ങിനെ ഉപവിയു ടെ പ്രമാണംവിട്ടു ഓരൊരു വിഭാഗങ്ങളും മുഷിച്ചിലുമായി ഏറെനാൾ കഴികയും, എ ന്നാലും ഇതിനെപ്പററി ഒരു സംശയവും വിഷാദവും കൂടാതിരിക്കയും ചെയ്യുന്നു.

൫൬. ചില മൂൎച്ചയുള്ള വാക്കുകളെക്കൊ ണ്ടു ഓരൊരുത്തരുടെ മനസ്സിനെ ഭേദിപ്പി ച്ചു മുറിപ്പെടുത്തുകയും, കൈപ്പിക്കുന്ന ചില ശാസനകളാലും സെ്വച്ശപ്രകാരമുള്ള ചി ല അനാവശ്യമായ തിരക്കുകളാലും നിന്ദ

വാക്കുകളെ കൊണ്ടും ഓരോരുത്തരെ ഉപദ്രവിക്കയും ചെയ്യുന്നു.

൧൭. ശ്രേഷ്ഠന്മാരെക്കൊണ്ടു കുററം പറഞ്ഞു സംസാരിക്കയും, അവരുഭരിക്കുന്നതിലും മററും കുററംവിധിക്കയും, രൂപതയിലെ ചട്ടവട്ടങ്ങളെ ധിക്കരിക്കയും അധികാരത്തിന്നു വെണ്ടുന്ന വണക്കം വിട്ടുകളകയും ചെയ്യു, പിന്നെ ഇങ്ങിനെയെല്ലാം നടന്നുവരുന്നെങ്കിലും ഒരിക്കലും ഇതിൽ വലിയ ദൊഷമുണ്ടെന്നു കരുതുന്നുമില്ല.

൧൮. പാപികളായി ജീവിക്കുന്നവരെ ദൈവത്തിൻപക്കൽ തിരിപ്പിപ്പാനായി പ്രത്യെകിച്ച യാതൊരു പ്രയത്നവും ചെയ്യാതെയും, അവൎക്കു നെരിടുവാനിരിക്കുന്ന ദുൎഗ്ഗതിയെപ്പററി തനിക്കു വിചാരവും ക്ലെശവുമുണ്ടായിരിക്കുന്നെന്നു കാണിക്കാതെയുമിരിക്കുന്നു. പിന്നെ, പാപികൾ താന്താങ്ങൾ വിചാരിച്ചുകൊള്ളട്ടെയെന്നുവെച്ചു ഉപെക്ഷിക്കയും അവർ താനെ വരുമ്പൊൾമാത്രം അവരെ കയ്ക്കൊള്ളാമെന്നുവെച്ചിരിക്കയും, അവർവരുമ്പൊൾ വളരെ മന്ദതയൊടും മടിയൊടും കൂടെ അവരെ കൈക്കൊൾകയും, അവർ

ദൈവത്തിൻപക്കൽ തിരിഞ്ഞുവന്നതിനെകാണുന്നതുകൊണ്ടു ഒരു തെളിവും സന്തോഷവും കാണിക്കാതിരിക്കയും ചെയ്യുന്നു.

൧൯. ഇടവകയിൽ എത്രവഴക്കുകളും പിണക്കങ്ങളും ഉണ്ടായിരുന്നാലും അവയെ തീൎക്കുന്നതിന്നും, തമ്മിൽ നിരപ്പും സമാധാനവുമാക്കുന്നതിന്നും യാതൊന്നും ചെയ്യാതെ ചുമ്മായിരിക്കയും, എന്നുമാത്രമല്ല ഏറിയകൂറും ഇപ്രകാര വഴക്കുകളുടെ ഒരു പ്രധാന കാരണക്കാരൻ താന്തന്നെയായിരിക്കയും ചെയ്യുന്നു. പിന്നെയും തന്റെ വിരോധികളായിരിക്കുന്നവരുടെ ചെവിയിൽ ചെല്ലുമെന്ന ചില വിവെകമററ വചനങ്ങളും വിള്ളുമെറുന്ന ശാസനകളുംകൊണ്ടു അവരെ ഏററമെററമായിട്ടു തന്നിൽനിന്നു അകററുകയുംചെയ്യുന്നു.

൨൦. വല്ലരെന്നാൽ പ്രസംഗംചെയ്യാതിരിക്കയും ക്രമത്തോടുകൂടെ ഓരൊരു സത്യവെദ പഠനങ്ങളും പ്രമാണങ്ങളും വിവരമായിട്ടുപദെശിച്ചറിയിക്കാതെ തന്നു ഇടവകയിൽപ്പെട്ട വിശ്വാസികളെ ജ്ഞാനകരിടത്വത്തിലും അറിവില്ലായ്മയിലും കൈവിട്ടു

രിക്കയും ചെയ്യുന്നു.

൨൭. തന്നൊടു കുമ്പസാരിക്കുന്നവർ മ റ്റവല്ല കുമ്പസാരക്കാരൊടു കുമ്പസാരിപ്പാൻ പൊകുന്നതിനെക്കണ്ടാൽ ചൊല്ലിയെങ്കിലും ചൊല്ലാത്തവിധത്തിലെങ്കിലും പ്രസാദക്കെടു കാട്ടുകയും, ഇങ്ങിനെ ജനങ്ങളുടെ സ്വാതന്ത്ര്യം തടുക്കയും, ഇതിനാൽ മാ! എത്ര ദൈവദൊഷമായ കുമ്പസാരങ്ങൾ നടക്കുന്നതിന്നു കാരണക്കാരനായിരിക്കയും ചെയ്യുന്നു.

൨൮. രൊഗികളുടെ കാൎയ്യംകൊണ്ടു വളരെ ഉദാസീനനായിരിക്കയും ഇത്തനിമിത്തം വല്ലൊരു ദിനക്കാരൻെറ പക്കൽ ചെല്ലുന്നതിന്നായി ആളു വന്നിരിക്കുന്നുവെന്നു കെൾക്കുമ്പൊൾതന്നെ പത്തുകെ പിറുപിറുപ്പാൻ തുടങ്ങും, പിന്നെ അവിടെചെന്ന രൊഗിക്കു ക്രുദാശകളും മുറപൊലെയുള്ള ആശ്വാസത്തിന്നടുത്ത വെദകൎമ്മങ്ങളുമെല്ലാം കഴിയുന്നെടത്തൊളം ധൃതിയൊടെ കഴിച്ചുകൂട്ടിപൊരികയും, ആയത ക്രുദാശകൾക്കൂടാതെ രൊഗി മരിച്ചുപൊയെക്കുമെന്നു ഭയപ്പെട്ടിട്ടുള്ള താല്പൎയ്യംകൊണ്ടല്ല, പിന്നെയൊ ത

ന്നിൽനിന്നു ഒരു ഭാരം ഇറക്കിയിട്ടെച്ചപൊ കെണമെന്നുള്ള താല്പൎയ്യത്തിൻപെരിൽമാത്രം ഇപ്രകാരം ചെയ്കയും ചെയ്യുന്നു. പിന്നെയും ഇങ്ങിനെ ഒരു ഒട്ടുക്കത്തെ കൎമ്മങ്ങൾ കഴി ച്ചിട്ടതിന്റെശെഷം തന്നെത്തു കടമെല്ലാം തി ൎത്തിരിക്കുന്നുവെന്നു കരുതി പിന്നെ ആരൊ ഗിയെ ചെന്നു കാണുന്നതിന്നും ആശ്വസി പ്പിക്കുന്നതിന്നുമായി യാതൊരു വിചാരവും ക്രുടാതിരിക്കയും, ഇതിനാൽ പിന്നീട്ടു സംബ ന്ധക്കാൎക്കു മനൊഭെദത്തിന്നുംമറ്റും ഇടയാ കിത്തിക്കയും ചെയ്യുന്നു.

൨൮. പ്രസംഗം പറയുമ്പൊൾ, താൻ ദൈവവചനം അറിയിക്കയാണെന്നുള്ള ഒ രു ഭാവവുംക്രുടാതെ വീട്ടുകളിൽ ഓരൊരു വൎത്തമാനം പറഞ്ഞു നെരംപൊക്കുംപ്രകാരം നിസ്സാരമുറയിൽ പ്രസംഗിക്കയും ഇങ്ങനത്തെ കഥകളും, കുത്തുമൊഴികളും, ശാസനകളും, ഉരപ്പും, നിത്യ ശത്രുത്വങ്ങളും ഉണ്ടാക്കിത്തി ൎക്കുന്നകുറപ്പാട്ടുകളുംമറ്റുംപറഞ്ഞുക്രുട്ടിക്കൊ ണ്ടു ദൈവവചനത്തെ അറിയിക്കുന്നതായ ആ മഹാതൊഴിലിനെ അപമാനിക്കയും ഹീനപ്പെടുത്തുകയും ചെയ്യുന്നു. പിന്നെ ഒരു

മുറെക്കുള്ള പ്രസംഗത്തെപ്പററി ന്യായമായിട്ടു ലജ്ജിപ്പാനും കരവാനുംമാത്രം ഇടയായിരുന്നാലും അതിന്മെൽ സന്തൊഷിക്കയും താൻ വലിയ പ്രസംഗിയാണെന്നുള്ള അഹംഭാവം കൊണ്ടിരിക്കയും ചെയ്യുന്നു.

൨൪. ലൌകീകകാൎയ്യാദികളെ സംബന്ധിച്ചപ്രസിദ്ധമായ ചിലകുററങ്ങളും കുറച്ചിലും മുഖാന്തരം വിശ്വാസികൾക്കു ഇടൎച്ചകൊടുക്കയും സാക്ഷാൽ മിക്കപ്പൊഴും നിയമിക്കപ്പെട്ട വാസസ്ഥലത്തില്ലാതിരിക്കയും കളിവിനൊദങ്ങളിൽ താല്പൎയ്യവും തഴക്കവുമായിരിക്കയും ചെയ്യുന്നു. പെരുന്നാളാഘൊഷങ്ങളും അനാവശ്യമായ സന്ദൎശനങ്ങളും വിവെകമററ സംസാൎഗ്ഗങ്ങളും ഒരു മൊഴിയായി പറഞ്ഞാൽ, തന്നുടെ മഹത്വമെറിയ വൈദീകതൊഴിലിന്നു യൊജിക്കാത്ത ഒരു ലൌകീക ജീവിതംകൊണ്ടു വിശ്വാസികൾക്കു തന്റെ ദൃഷ്ടാന്തം കാട്ടികൊടുക്കയുംചെയ്യുന്നു. യാതൊരുവക നിയമവുംക്രമവുമില്ലാതിരിക്കയും ഓരൊരു ചിലവുകളെ ചെയ്യുന്നതിൽ അളവുകടന്നവിധത്തിൽ ധാരാളിയായിനശിപ്പിക്കയും, ഇത്തരം ക്രമമററ മുറ കാരണത്താൽ

ശെഷംപൊക്കുകൂടെ നഷ്ടംവരുന്നതിന്നും ഇങ്ങനത്തെ സ്ഥിതിയിൽ യദൃശ്ചയായുള്ള മരണത്തിൽ അകപ്പെട്ടന്നെങ്കിൽ തന്റെ കാൎയ്യാദികളെപ്പററി പിന്നിട്ട ശെഷംപൊക്കു വലിയൊരനൎത്ഥത്തിന്നിടയാക്കിത്തീൎത്ത ഇഹലൊകത്തിൽനിന്ന പിരികയുംചെയ്യുന്നു.

൨൩. അല്പ പാപങ്ങളെ ചെയ്യുകൂട്ടുന്നതിനെപ്പററി മനസ്സിന്നൊരു വിമ്മിഷ്ടവും കലക്കവും കൂടാതിരിക്കയും, ഠരം തഴക്കത്താൽ വെള്ളം കുടിക്കുംവണ്ണം ഒരു ചിന്തയും കൂടാതെ അല്പ പാപങ്ങളെ ചെയ്കയും ചെയ്യുന്നു. ഇങ്ങിനെ ബൊധയടക്കമില്ലാതെയും തന്നാത്മരക്ഷയെക്കുറിച്ചുള്ള വിചാരം കൂടാതെയും മനസ്സാലുള്ള കുരിടതാത്തിൽ തന്നെ മന്ദനായി ജീവിതം കഴിച്ചുവരികയും ചെയ്യുന്നു.

ദൈവത്തിൽനിന്നുള്ള ആത്മനന്മകളെ സാരമായി കരുതി[illegible]രിക്കയും ഓരൊരു ദൈവവെളിവുകളും നല്ല തൊന്നലുകളും പുണ്യാഗ്രഹങ്ങളും രക്ഷയ്ക്കുട്ടത്ത ഹൃദയക്കടികളുംമററും, ഒന്നും വകവെക്കാതെ കടത്തിവിടുകയും ചെയ്യുന്നു. ഇങ്ങിനെ സൎവ്വ

ശ്വരൻ ചെയ്യുന്ന ൟ മനോഗുണങ്ങളെ ഫലിപ്പിക്കാതിരിക്കകൊണ്ടു പിന്നെ ൟ ദൈവകൃപെക്കും അപാത്രവാനായിതീരുകയും, ഒരുമാതിരി ജ്ഞാനവരൾച്ചയിലും മന്ദതയിലും വീണു ദൈവത്തിന്നെരെ ഒരു കൂട്ടാക്കായ്മയൊടെ ജീവിക്കയും ചെയ്യുന്നു, (ൟസ്ഥിതിയിൽ ആയിപ്പൊയാൽ വെഗം ദൈവമാതാവിൻപക്കൽ അഭയമിട്ടു പ്രാൎത്ഥിക്കെണ്ടിയിരിക്കുന്നു. എന്തെന്നാൽ ഇതിൽനിന്നു മാറുന്നതിന്നു ഒരു അസാമാന്യ പ്രത്യക്ഷം വെണ്ടിയിരിക്കുന്നു.)

൨൭. തുടക്കത്തിലുണ്ടായിരുന്ന രക്ഷെക്കടുത്ത ആത്മകലക്കങ്ങളും ഹൃദയക്കടിയും നിന്നുപൊയശെഷം, കാൎയ്യമെല്ലാം ചൊവ്വെതന്നെ പൊകുന്നുണ്ടെന്നു തന്നെത്താൻ വിചാരിച്ചുകൊണ്ടു ഒരുവക കുരിടതപമുള്ള സമാധാനത്തിൽ കാലം കഴിച്ചുകൂട്ടുന്നു. ഇത്തര സമാധാനം നിമിത്തം തന്റെ മന്ദമായ ജീവിതത്തെമാററി ദൈവത്തൊടടുക്കുന്നതിന്നു ഒരു വിചാരവും കൂടാതിരിക്കയും തീൎച്ചയായിട്ടു ഒരു ചാവുദൊഷവും ചെയ്യുന്നില്ലെന്നുകരുതി, അങ്ങിനെ മനസ്സാക്ഷിയെ അട

ക്കമാക്കി ജീവിക്കുന്നെങ്കിലും സൂക്ഷ്മതയൊടെ പറഞ്ഞാൽ ദൈവെഷ്ടപ്രസാദം ആരമത്തിൽ നഷ്ടമാക്കികൊണ്ടുതന്നെ ജീവിക്കയും ചെയ്യുന്നു.

൨൯. ഏതെങ്കിലുമൊരു കാൎയ്യംചെയ്യാനൊ പറവാനൊ പൊകുമ്പൊൾ ആയത്തു ദൊഷമായെക്കുമൊയെന്നുള്ള സംശയം ഉള്ളിൽതൊന്നിയാൽ വകവെക്കാതെ തനതു മനസ്സിന്റെ ചാച്ചിലുപൊലെ ഏററംസ്വാതന്ത്ര്യമായി പ്രവൃത്തിപ്പാനായി ഒരു സാരമില്ല. അല്ലകുററമെയുള്ളു, എന്നും മററും വിചാരിപ്പിച്ചുകൊണ്ടു പ്രവൃത്തിക്കയും ചെയ്തുകഴിഞ്ഞിട്ടു പിന്നെ ഒന്നും കൂട്ടാക്കാതെയും വിചാരപ്പെടാതെയും മുമ്പിലത്തെപ്പൊലെ ആമന്ദ സമാധാനത്തൊടെതന്നെ ജീവിക്കയും ചെയ്യുന്നു.

൩൦. ആണ്ടുതൊറുമുള്ള മുഴുവൻധ്യാനം കഴിക്കാതിരിക്കയൊ ആയത്തു വലിയൊരു ഭാരവും അനൎത്ഥവുമായി കരുതുകയൊ ചെയ്യുന്നു. പിന്നെ കഴിച്ചാലും മെല്പട്ടക്കാരരുടെ ശാസനയെ പ്രതിമാത്രം കഴിക്കയും അവരുടെ കണ്ണിൽനിന്നു തെററിപ്പൊകുവാ

ൻ പാട്ടുണ്ടെങ്കിൽ ധ്യാനംകഴിക്കാതിരിക്കയും ഒഴിവാൻ ഏതെങ്കിലും വല്ലകാരണമുണ്ടായിരിക്കുന്നുവെന്നു കാണുമ്പൊൾ സന്തൊഷിക്കയും ചെയ്യുന്നു. കടശി ചിലപ്പൊൾ മുഴുവൻധ്യാനം കഴിച്ചാലും അതിൽനിന്നു യാതൊരു ആത്മപ്രയൊജനവും എടുക്കാതെ ദിവസങ്ങൾ കഴിച്ചുകൂട്ടി പൊരുന്നു.

൩൬. എത്രയും മാണിക്യമായ ദൈവ ദാനമായിരിക്കുന്ന നെരത്തെ ഒട്ടുംസാരമായി കരുതുന്നില്ല. പട്ടക്കാരനായ താൻ സാരംവെക്കാതെ നെരം നഷ്ടമാക്കുന്നതുതന്നെ കനപ്പെട്ട പാപമായിത്തീരുവാൻമതിയെന്നുള്ള വിചാരംകൂടാതിരിക്കയും നെരത്തെക്കുറിച്ചുള്ള ഉത്തര അഭിപ്രായങ്ങളിൽ ഉറച്ചിരിക്കകൊണ്ടു, ദിവസത്തിൽ പാതിയെന്നല്ല ചിലപ്പൊൾ ദിവസംമുഴുവനുംപ്രയൊജനമററ നിസ്സാരകാൎയ്യങ്ങൾക്കായി ചിലവഴിച്ചു കൂട്ടുകയുംചെയ്യുന്നു.

൩൭: കൂദാശശാസ്ത്രംമുതലായ വെദശാസ്ത്രപുസ്തകങ്ങളും ശുദ്ധമാന പുസ്തകവും വായിക്കയും പഠിക്കയും ചെയ്യുന്ന കാൎയ്യത്തെക്കുറിച്ചു വിചാരിച്ചാൽ, ചിലപ്പൊൾ മാസം

മുഴുവനും പുസ്തകം തുറക്കാതെ കടന്നുപൊകുന്നു. ആവക വായനയും പഠനവും ഒരുഭാഗത്തു ഒതുക്കിവെച്ചിട്ടു അതിന്നുപകരം നിസ്സാരമായതും ലൌകീകമായതുമായ ഒരൊരു കൂട്ടങ്ങളെ വായിച്ചും പറഞ്ഞും നെരം പൊക്കിവരുന്നു.

൩൩. തന്നിൽ കൈകണക്കില്ലാത്ത കുറച്ചിലുകളും തെററുകളുമുണ്ടായിരുന്നാലും അവയെ മാററി ഗുണപ്പെടുത്തുവാനായി ഒരു ചിന്തയും കൂടാതിരിക്കയും, അതിന്നായി ഒരുപ്രയത്നവും ചെയ്യാതെതന്നെ ജീവിക്കയും ചെയ്യുന്നു. ദൈവപെടിയുള്ള വല്ല സ്നെഹിതർ യാതൊരു നല്ലബുദ്ധിപറഞ്ഞുകൊടുക്കുന്നെങ്കിൽ ആയത്തു തന്റെ ഗുണം നൊക്കി അവർ പറയുന്നതാണെന്നു കരുതി പ്രയൊജനത്തൊടെ കൈക്കൊൾവാൻ വിചാരിക്കാതെ അതിനൊരൊരു അർത്ഥമുണ്ടാക്കീട്ടു കൂട്ടാക്കാതിരിക്കയും അവരു പറയുന്നതു തെററായിരിക്കുന്നുവെന്നു വരുത്തുവാൻ പ്രയാസപ്പെട്ടു തർക്കിക്കയും ചെയ്യുന്നു, ഇങ്ങിനെ ഏകദേശം ഗുണപ്പെടുത്തുവാൻ വഹിയാത്ത ഒരുവക ഹൃദയകാഠിന്യത്തെയൊ

ടെ ജീവിച്ചുവരുന്നു.

൩൯. എല്ലാപ്രവൃത്തികളിലും, എന്നുമാത്രമല്ല ഏററം പരിശുദ്ധമായ തൊഴിലുകളെ നടത്തുന്നതിൽ കൂടെയും തനതു ബഹുമാനവും സ്തുതിയും ആഗ്രഹത്തൊടെ തെടുകയും, എല്ലാം തനതു സാമൎത്ഥ്യംകൊണ്ടുതന്നെയാണ ചെയ്യുന്നതെന്നു ഉറച്ചുകൊണ്ടു എല്ലാററിന്റെയും യൊഗ്യത തന്റെ വകയായി കണക്കകൂട്ടുകയുംചെയ്യുന്നു. ഇങ്ങിനെ ഏകദെശം എല്ലാപ്പൊഴും നിഗളമെന്ന തലപ്പെട്ട ദൊഷത്തൊടുകൂടി തന്നെ ജീവിക്കുന്നു.

൪൦. കൊതിയെ തൃപ്തിയാക്കുവാൻ അക്കു തീനും കുടിയും നല്ല വിരുന്നുകളും മഹാ ഇഛയൊടെ എപ്പൊഴും ആഗ്രഹിച്ചിരിക്കയും, മെശക്കിരിക്കുമ്പൊൾ ഏറിയ നെരം ചിലവഴിക്കയുംചെയ്യുന്നു. പിന്നെ തീനിലും കുടിയിലും പതം വിട്ടുപൊകുന്നു വെന്നും, ശെഷംപെൾ ഉതപ്പായി തീരുന്നു വെന്നും കണ്ടാലും, ഒരുചഞ്ചലവും കൂടാതെ പതപാകം വിട്ടുകളയുന്നു.

൪൧. ലൊകം!! ഓ! ലൊകത്തെ തെടി

സ്നേഹിക്കയും, ലൌകീക കൂട്ടുകാരരിലും സഭയോഗങ്ങളിലും പക്ഷംവെച്ചിരിക്കയും ചെയ്യുന്നു. അത്തരസഭകളിൽ കഴിച്ചുകൂട്ടുന്ന ആ ഏറിയനെരം എത്രയും ചുറുക്കെ കഴിഞ്ഞുപൊകുന്നുവെന്നു തൊന്നുകയും, ഓരൊരു ക്രമവും മൎയ്യാദയും വിട്ടുള്ള പെരുമാറ്റങ്ങൾക്കു കണ്ണയക്കയും, ക്രമംവിട്ടുള്ള സന്തൊഷങ്ങളും മായ നിനവുകളും പ്രസിദ്ധമായി കാട്ടുകയുംചെയ്യുന്നു. പിന്നെയും തനത്തു അത്രപിയുടെയും അറിവിന്റെയും മഹത്വവും വിദ്യയും കൊണ്ടു എപ്പൊഴും സംസാരിക്കയും എവൎക്കും ഇഷ്ടപ്പെടെണമെന്നു ആശപ്പെട്ടു എല്ലാവരുടെയും ഇഷ്ടംപൊലെ എന്തെങ്കിലും പറകയും പ്രവൃത്തിക്കയും ചെയ്യുന്നു.

൩൧. തനത്തു മഹത്വമുള്ള അവസ്ഥിനെ ഹീനപ്പെടുത്തുന്ന ചില തൊഴിലുകളെ നടത്തുകയും, സാക്ഷാൽ ചൊല്ലിയെങ്കിലും ചൊല്ലാത്ത വിധമായിട്ടെങ്കിലും ചില കച്ചവടങ്ങളും ചികിത്സകളും മറ്റും നടത്തുകയും, പിന്നെ ഇത്തര പെരുമാറ്റങ്ങളെക്കൊണ്ടു അത്രവലിയ ദുഷ്ടമില്ലെന്നു നിനെക്കയും ഇ

തിനാൽ ൨൦ വക കാൎയ്യങ്ങളെ ബന്ധിച്ചുള്ള മെല്പട്ടക്കാരരുടെ കല്പനകളിന്മെല്ലാം മററും സൂക്ഷംവെക്കാതിരിക്കയും ചെയ്യുന്നു.

൧൮. ദ്രവ്യം!! ഒ! ദ്രവ്യംകൊണ്ടു ദാനധൎമ്മംമുതലായി ഒരൊരു നന്മപ്രവൃത്തികൾ ചെയ്യു, ആയതു പുണ്യജീവിതത്തിന്നൊരു പൊംവഴി മാത്രമാകുന്നുള്ളുവെന്നു കരുതാതെ അത്യാശയൊടെ ദ്രവ്യത്തിന്മെൽ തന്നെ പക്ഷംവെച്ചിരിക്കയും മിഞ്ചുന്ന ദ്രവ്യം കൂട്ടിക്കൂട്ടി ദിനംപ്രതി നിക്ഷെപം വൎദ്ധിപ്പിപ്പാൻ മാത്രം വിചാരമായിരിക്കയും ചെയ്യുന്നു. പിന്നെ ആവശ്യമായ ചിലവു കൂടെ ചെയ്യാതെകണ്ടിരിക്കയും, അതു തപസ്സിന്റെ പുണ്യാരൂപിയെക്കുറിച്ചല്ല, ലുബ്ധിന്റെ ആരൂപികൊണ്ടുതന്നെ ചെയ്കയും പള്ളിവെടിപ്പിന്നായിട്ടുംമററും യാതൊന്നും ചിലവിടാതിരിക്കയും ചെയ്യുന്നു. (ഒ! ദൈവമെ!! എന്റെ അവകാശഭാഗം കൎത്താവ (ആകുന്നു) എന്നു, ആയതപ്പെട്ടും എഴുന്നപ്പൊൾ ചൊല്ലിയ വാക്യവും മെലെഴുതിയ മുറയും തമ്മിൽ എന്തൊരു വ്യത്യാസം)

൧൯. താൻ വിട്ടുമാറെണ്ടതായ ചില കൂ

ടിക്കാഴ്ചകളും സംസൎഗ്ഗങ്ങളുംകൊണ്ടു കുറെ പറയുന്ന പൊതുവായ അഭിപ്രായത്തെപ്പററി ശാസിക്കയും, ഭക്തിയററവരായി പ്രസിദ്ധപ്പെട്ടിരിക്കുന്ന ചിലയാളുകളെ കൂടക്കൂടെ കാണ്മാൻ പൊകയും, അത്തരക്കാരെ കൈക്കൊൾകയും ചെയ്യുന്നതുകൊണ്ടു ഇടവകക്കാൎക്കു തന്റെമെൽ വെണ്ടുന്ന മതിപ്പും വണക്കവും നഷ്ടമാക്കികളകയും ചെയ്യുന്നു. ഇതുവരെ എഴുതികാണിച്ചവകളുടെ ലക്ഷണങ്ങൾ സാമാന്യമായി ആരമ്മന്ദതയിൽഅകപ്പെട്ടിരിക്കുന്ന ഏതൊരു പട്ടക്കാരനിലും കാണാവുന്ന അടയാളമായിരിക്കുന്നു. ഇനി താഴെകുറിക്കുന്ന ലക്ഷണങ്ങൾ, മെലെഴുതിയവക്കൂടാതെ പ്രത്യെകിച്ചു പൂൎണ്ണൻ പട്ടക്കാരരിൽ ഉണ്ടാകുന്ന ലക്ഷണങ്ങളായിരിക്കുന്നു. എങ്ങനെയെന്നാൽ:

൧൦. ആദ്യകാലത്തിൽതൊട്ടുതന്നെ, തനത്തുവികാരിയച്ചനുമായിട്ടു ചെന്നുപൊകാതിരിക്കയും, തമ്മിൽ അത്ര രമ്യമല്ലെന്നു കാട്ടുകയും ചെയ്യുന്നു. അയാൾ പറഞ്ഞുതരുന്ന സൂക്ഷ്മത പ്രമാണങ്ങളും മുൻനൊട്ട ബുദ്ധികളും ചൊല്ലെയല്ലാത്ത വിധം പൊരു

ൾതിരിക്കയും, ഇങ്ങിനെ ഒരുമാതിരി ക്രുദ്ധാക്കാ ങ്ക്ഷയൊടെ കല്പിക്കാൾകയും, അയാൾ നിയമിക്കുന്ന ഓരൊരൊ കാൎയ്യങ്ങൾ അനാവശ്യമെന്നു കാട്ടുവാൻ തക്കവണ്ണം അത്ര ഹാസ്യമാക്കിപ്പറകയും, ഒരുമൊഴിയാക്കി പറഞ്ഞാൽ "പുത്തനായി സെമിനാരിയിൽ നിന്നു പുറപ്പെട്ട ഒരു ബാല്യപ്പട്ടക്കാരൻ ഇത്തര ക്കാരനാണൊ?,, എന്നു മനഃക്ലെശത്തൊടെ വിചാരിച്ചുതപ്പാകുവാൻ തക്കവണ്ണം വിഗാരിക്കു വിരൊധിയായി തീരുന്നു.

൩൫. ഏറെ താമസിയാതെ ആ ഇടവകയിൽ സമാധാനമായി ജീവിക്കുന്നതിന്മെൽ അരൊചകം കാട്ടുകയും, അടുത്ത ഇടവകകളിൽ ചുററിത്തുടങ്ങുകയും, എരിവും ഭക്തിയുംകുറഞ്ഞ വല്ല പുത്തൻപട്ടക്കാരനുമായി സ്നെഹംപിടിക്കയും ചെയ്യുന്നു. പിന്നെയും വികാരിയച്ചനൊടു ഒന്നും മിണ്ടാതെ അങ്ങുമിങ്ങും പൊയ്ക്കളകയും, ഇത്തര മുറകെട്ടുകളുംമററും വികാരിയച്ചനു വെണ്ടുംവണ്ണം പിടിക്കുന്നില്ലെന്നു ഗ്രഹിച്ചിരുന്നാലുംഅതൊന്നും വകവെക്കാതിരിക്കയുംചെയ്യുന്നു.

൩൬. കുറെനാളിന്നകം ക്രമവും നിയമ

ങ്ങളും ഒരു ഭാഗത്താക്കിവെച്ചിട്ട, ക്രമംക്രൂടാതെയുള്ള ജീവിതംകഴിപ്പാൻ തുടങ്ങുകയും, മുറിയിലെ ഏകാന്തം വെറുപ്പായി തൊന്നുകയും ചെയ്യുന്നു. പള്ളിയിൽ പ്രത്യെകമുള്ള ആവശ്യങ്ങൾക്കായിട്ടുമാത്രമെ കടക്കയുള്ളു; മുമ്പിൽ അനുസരിച്ചു നടത്തിവന്ന ഓരൊരു പുണ്യകൃത്യങ്ങൾ എപ്പൊഴും അനുസരിച്ചു നടത്തിക്കൊള്ളാമെന്നു അക്കാലത്തിൽ പ്രതിജ്ഞചെയ്തു ചട്ടംകെട്ടിയിരുന്നു; എന്നാൽ ഇപ്പൊൾ ആ സുകൃത കൃത്യങ്ങൾ യാതൊരു ബന്ധവുംക്രൂടാതെ ഉപെക്ഷിച്ചുകളയുന്നു.

൧൩. ഇടവകയിൽ അവിടവിടെ ചുററി നടക്കയും, മനുഷ്യരിൽനിന്നുള്ള മതിപ്പും പുകഴ്ചയും അന്വെഷിച്ചു നികളത്തെപ്രതി ഒരു നായാട്ടിന്നെന്നപൊലെ പുറപ്പെടുകയും ചെയ്യുന്നു. പിന്നെ ആഗ്രഹംപൊലെ സന്തൊഷത്തൊടുക്രൂടെ വല്ലവരും കൈക്കൊള്ളുന്നുണ്ടെന്നു കണ്ടാൽ പ്രസാദിച്ചു നികളിക്കയും, വികാരിയുടെ സമ്മതത്തൊടെ ചെയ്യെണ്ടുന്ന ചില സന്ദൎശനങ്ങളെ അയാളറിയാതെ കഴിക്കയും, വികാരിയച്ചനുമായിട്ടു വെണ്ടുംവണ്ണമല്ലാതിരിക്കുന്ന ചില വീട്ടുകാ

രരൊട്ടു വിശെഷമായിട്ടുള്ള ഒരു പക്ഷവും താല്പൎയ്യവും കാട്ടുകയും ചെയ്യുന്നു.

൨൪. തന്നൊട്ടു കുമ്പസാരിപ്പാനായി വളരെ ആളുകൾ വരെണമെന്നാഗ്രഹമായിരിക്കയും, എന്നാൽ ഇതു നല്ല പട്ടക്കാൎക്കുള്ള പ്രകാരം ആത്മാവുകളെ രക്ഷിപ്പാനുള്ള അത്യാഗ്രഹം കൊണ്ടല്ല, പിന്നെയൊ നികളത്തെ പ്രിതിന്നു താല്പൎയ്യപ്പെടുകയും, തന്റെ കുമ്പസാരക്കൂട്ടിന്നു ചുറ്റും വളരെ ആളുകൾ കൂടുന്നുവെന്നതിനെക്കുറിച്ചു കൂട്ടരുടെ സമൂഹത്തിൽ ഡംഭിപറകയും, തന്നൊട്ടു കുമ്പസാരിപ്പാൻ വരുന്നവർ അവരുടെ പതിവുള്ള കുമ്പസാരക്കാരനെ വിടുന്നതിന്നു തക്ക കാരണമെതാനുമുണ്ടൊയെന്നു പരിശൊധിച്ചറിയാതെ എളുപ്പമായിട്ടു കൈക്കൊൾകയും ചെയ്യുന്നു.

൨൫. പ്രസംഗം പറയുന്നതിന്നു തനിക്കു തക്ക അഭിരുചിയും വൈഭവവുമുണ്ടെന്നു വിചാരിച്ചു അഹംഭാവം കൊണ്ടിരിക്കയും, ഈ തൊഴിലിനെ മാത്രം കാൎയ്യമായിട്ടു കരുതി പട്ടക്കാൎക്കടുത്ത മറ്റു പരിശുദ്ധ ചിറ്റാഴ്മകളെ കൂട്ടാക്കാതെ വിടുകയും ചെയ്യുന്നു. ഇതിനാ

ൽ സമീപമുള്ള പള്ളികളിൽ എല്ലാപ്പൊഴും പ്രസംഗംപറയുന്നതിന്നു ഉദ്യൊഗപ്പെട്ടിരിക്കുയും, ഇങ്ങിനെ തനതിടവകയിൽ മിക്കപ്പൊഴും ഇല്ലാതെയായിവരുന്നതു വികാരിയച്ചന്നു വളരെ വിമ്മിഷ്ടമുള്ളതാണെന്ന അറിഞ്ഞിട്ടും അതു വകവെക്കാതിരിക്കയും ചെയ്യുന്നു. പിന്നെ പറയുന്നതിന്ന ഒരുമാതിരി നിമിഷതയുണ്ടെന്നു കാണുന്നതുകൊണ്ടു, മുമ്പിൽക്കൂട്ടി ഒരുങ്ങാതെ എപ്പൊഴെങ്കിലുംപെട്ടെന്നു പ്രസംഗിക്കുന്നതിന്നു താൻ പ്രാപ്തിയുള്ളവനാണെന്നു വിശ്വസിച്ചിരിക്കയും, ദൈവവചനം പരിശുദ്ധമുള്ളതായിരിക്കുന്നു,ആയതിനാൽ മഹാവിനയ വണക്കത്തൊടെ അറിയിക്കെണ്ടതായിരിക്കുന്നുവെന്നുള്ള കാൎയ്യം മറന്നുകളഞ്ഞിട്ടു മുൻക്കൂട്ടി തയ്യാറു ചെയ്യാതെ പുഷ്ടത്തിൽ കരെറുകയും, വരുംവണ്ണം പ്രസംഗിക്കയും, ഇതുനിമിത്തം തനതു പ്രസംഗങ്ങളും ഉപദെശങ്ങളുംകൊണ്ടു വിശ്വാസികൾക്ക ഉപകാരവും ജ്ഞാനഫലവുംകൂടാതെയാക്കിത്തീൎക്കയും ചെയ്യുന്നു.

൩൯. പഠനത്തിന്മെലുള്ള പക്ഷം വിട്ടുകളകയും സാരമായ പുസ്തകങ്ങളെ വായി

ക്കന്നതിന്നുകൂടെ വെറുപ്പായി തീരുകയും ചെയ്യുന്നു. താൻ കുമ്പസാരമെന്ന കൂദാശയെ കൊട്ടുകയിൽ ചെയ്യുന്ന തീൎമ്മാനങ്ങൾ നെരായ ധൎമ്മശാസ്ത്രവിധികൾക്കും പ്രമാണങ്ങൾക്കും ഒത്തവണ്ണം തന്നെയാണൊ എന്ന ഒന്നു പരിശൊധിപ്പാനായി ധൎമ്മശാസ്ത്രസംബന്ധമായ പുസ്തകങ്ങളും മറ്റും വീണ്ടുംവീണ്ടും വായിച്ചുനൊക്കുന്നതിന്മെൽ വളരെക്കുട്ടാക്കായ്കയും ഉപെക്ഷയുമായിരിക്കയും, ഇങ്ങിനെ ഒരുമാതിരി ത്ഴക്കംപിടിച്ച കുമ്പസാരമെന്ന കൂദാശയെ കൊട്ടുത്തുകൂട്ടുകയും ചെയ്യുന്നു:

വൈദികാചാൎയ്യതൊഴിലിൽ എന്റെ വന്ദ്യ കൂട്ടാളികളായ എ. പ്രി. സഹൊദരരെ! ഇതാ ജ്ഞാനമന്ദതയുടെ ലക്ഷണങ്ങളെ കഴിഞ്ഞവണ്ണം എത്രയും സൂക്ഷ്മമായി നാം കുറിച്ചുകാട്ടിയിരിക്കുന്നു. ഇത്രയും ഭയങ്കരമായ സ്ഥിതിയിൽ ഭാഗ്യഹീനതയായി അകപ്പെട്ടുപൊയിരിക്കുന്നവരുടെ ജ്ഞാനകണ്ണുകൾക്കു നൽമനസ്സുണ്ടെങ്കിൽ പ്രകാശംവരുത്തുവാനായി ഇതിൽ അപ്പുറം ഒന്നുംകണ്ടുബൊധിപ്പാനുണ്ടെന്നു തൊന്നുന്നില്ല; ഒരുസമയം

തന്നാത്മ മന്ദതയിന്മെൽ ഇതുവരെയും വിചാരംചെയ്യാതെ താമസപ്പെട്ടുപൊയവർ ഉണ്ടായിരുന്നാൽ ആയവൎക്ക ഏറ്റം സാരമുള്ളതായ അവരുടെ ആത്മാവിന്റെയും ദിവ്യമായ അവരുടെ തൊഴിലിന്റെയും മഹാപ്രയൊജനത്തെ പ്രതി അവരൊട്ടു നാം സാദ്ധ്യപ്പെട്ടു പ്രാൎത്ഥിക്കുന്നതായത്: പ്രി. എന്റെ വന്ദ്യസഹൊദരരെ! ആത്മമന്ദതയെന്ന ൟ മഹാവ്യാധിയെ കണ്ടറിയുന്നതിന്നിടയാകുന്ന ഒന്നാമത്തെ ക്ഷണത്തിൽതന്നെ അതിന്നു ചികിത്സചെയ്യിൻ. എന്തെന്നാൽ, എല്ലാകാലങ്ങളിലെയും അനുഭവസിദ്ധി എത്രയും തെളിവായിഅറിയിച്ചു പഠിപ്പിക്കുംവണ്ണം ഒരുപട്ടക്കാരൻ ആത്മമന്ദതയിൽ അകപ്പെട്ടുപൊയാൽ അതിൽനിന്നു വീണ്ടെഴുന്നെറ്റ എരിവുള്ള സ്ഥിതി പ്രാപിക്കുന്നതു നന്നാ അപൂൎവ്വമാണെന്നു നല്ലവണ്ണം ബൊധിച്ചിരിക്കെണം.

കടശിയായിട്ടു ഒരു കാൎയ്യംകൂടെ ഓൎപ്പിക്കുന്നു. ൟ കുറിച്ചിരിക്കുന്ന ലക്ഷണങ്ങൾ എല്ലാംതന്നെ ഒരു പട്ടക്കാരനിൽ കണ്ടിരിക്കുന്നെങ്കിൽമാത്രം അയാൾ മന്ദതയിൽ ഉ

ൾപ്പെട്ടിരിക്കുന്നുള്ളുവെന്നു വിചാരിക്കൊണ്ടു;
വല്ലവയും കുറഞ്ഞിരുന്നാലും മററവ ഉണ്ടാ
യിരിക്കുന്നെങ്കിൽ അയാളും എത്രയും വലി
യ മന്ദതയിൽ ഉൾപ്പെട്ടിരിക്കുന്ന ഒരു പ
ട്ടക്കാരനാകുന്നു എന്നു തന്നെ പറയാം. ഇ
ങ്ങിനെ അവസാനിപ്പിക്കുന്നു.

൨൦ം കുറിച്ചിരിക്കുന്നവ കുമ്പസാരിപ്പാൻ
പൊകുംമുമ്പിൽ വായിക്കുന്നതു വളരെ പ്ര
യൊജനമുള്ളതായി നാം കരുതുന്നു. ഇതു
നല്ലൊരാത്മശൊധനയും കൂടെയായിരിക്കു
ന്നു. തഴക്കങ്ങൾക്കു അടിമയായി തീരുംമു
മ്പെ തെററുകളെ വിചാരിച്ചറിഞ്ഞു സൂക്ഷി
ക്കുന്നത ഏററം എളുപ്പവും പ്രയൊജനവും
തന്നെയാകുന്നു.

മെലെഴുതിയ ഏ: ട്ര്യൂബചു എന്ന ജ്ഞാന
ശാസ്ത്രിതന്നെ (പരിശുദ്ധ ഗുരുപ്പട്ടക്കാരൻ)
എന്നു പെരായി ചമെച്ചിട്ടുള്ള ഒരു വിശെഷ
മായ പ്രബന്ധത്തിൻ അന്ത്യവാചകം ഇവി
ടെ ചെക്കുന്നു. ആ പുസ്തകത്തിൽ ൭. വെ
ലഗുരുക്കളെ മൂന്നു ഗണമായി വെർതിരി
ച്ചിരിക്കുന്നു. ൧. തണ്ണ്യഗുരുക്കൾ, ൨. മന്ദഗു
രുക്കൾ, ൩. പുണ്യഗുരുക്കൾ, എന്നിങ്ങനെ

യായിരിക്കുന്നു. ഇവയിൽ (൧) ഒരു തണ്ട്യ പട്ടക്കാരൻ മെല്ലറഞ്ഞ പുസ്തകം വായിച്ച ദൈവാനുഗ്രഹത്താൽ എത്രയും ഭയങ്കരമായ തനതാരമയവസ്ഥ കണ്ടുഗ്രഹിച്ചിട്ട (൨) ഒരു പുണ്യഗുരുവിൻെറ പക്കൽ ചെന്നാലൊചിക്കുന്നവിധം ഇപ്രകാരം എഴുതിയിരിക്കുന്നു.

(൧) തണ്ട്യഗുരു (൨) പുണ്യഗുരുവിനൊടു:

ചെ: എൻെറ അച്ചാ! ഇയ്യിട ഞാൻ ഒരുവിശെഷപുസ്തകം വായിക്കയുണ്ടായി അതിൽ എൻെറ അന്തസ്സിൻെറ ന്യായത്താൽ ഞാൻ ഇപ്രകാരമുള്ള ജീവിതം കഴിക്കെണ്ടിയിരിക്കുന്നുവെന്നും ഇപ്പൊഴത്തെ എൻെറ ജീവിതം എൻെറ കടത്തിന്നു തീരെ വിപരീതമുള്ളതായിരിക്കുന്നുവെന്നും ഞാൻ പത്തുംപത്തെ കണ്ടുബൊധിച്ചു. ഇനി ഞാൻ ചെയ്യാനുള്ളതെന്താകുന്നുവെന്നും കണ്ടറിഞ്ഞു. എന്നാൽ ആരംഭിപ്പാൻ ഇനിക്കൊട്ടും ധൈയ്യവുംതൊന്നുന്നില്ല. ഇനിക്കവെണ്ടിയ പുണ്യങ്ങൾ ഏവയെല്ലാമാകുന്നുവെന്നും എന്നിൽ രക്തിപെട്ടിരിക്കുന്ന ദുർഗ്ഗുണങ്ങൾ ഏവയാണെന്നും ഞാൻ അറിഞ്ഞു. പട്ടക്കാൎക്കുടുത്ത എൻെറ അന്തസ്സിൻെറ മഹത്വം എത്രമാത്രമാ

ണ്ടെന്നും എന്റെ ജീവിതം, അതിന്നെത്രയും
അയോഗ്യമായതായിരിക്കുന്നുവെന്നും, സ
ൎവ്വെശ്വരൻ എനിക്കു ചെയ്തിരിക്കുന്ന മനൊ
ഗുണങ്ങളുടെ പെരുപ്പവും ഞാൻ ഇതുവരെ
യും ചെയ്തുപൊന്ന ദുൎയ്യോഗത്തിന്റെ ഭയ
ങ്കരവും ഇവയെല്ലാം എന്റെ ഹൃദയത്തി
ലെ വലിയ ചഞ്ചലത്തൊടുകൂടെ ഞാൻ ക
ണ്ടുബൊധിക്കുന്നതിന്നിടവന്നു. (ഗു) പുണ്യ
ഗുരു ഇപ്രകാരം പറയുന്നു. പ്രി: അച്ചാ! ഇ
വയെല്ലാം തങ്ങൾ കണ്ടറിഞ്ഞതു നന്നായി
പ്പൊയി, എന്നാൽ ഇപ്പൊൾ അതിൽ നി
ന്നു എന്താണു ഒരു തീൎമ്മാനം ചെയ്തിരിക്കുന്ന
തു? (പ) ആയതിനിക്കു അറിഞ്ഞുകൂടാ; (ഗു)
എങ്കിലും വല്ലതും ഒരു തീൎമ്മാനം ചെയ്തിരിക്കു
മല്ലൊ? (പ) ആ! നാം ശരണപ്പെടുകതന്നെ
(ഗു) ഒ! അതു പരിഛെദം അങ്ങിനെത
ന്നെ.. തങ്ങൾക്കു നല്ല ശരണമുണ്ടായിരി
ക്കെണം, എന്നാൽ തങ്ങളും ബൊധിച്ചിരി
ക്കാവണ്ണം എ: പ്രി: അച്ചാ! നല്ലപൊലെ
ശരണപ്പെടുന്നതിന്നു ഒന്നാമതായിട്ടു ജീവി
തം മാറുന്നതിന്നുള്ള നല്ല ഒരു പ്രതിജ്ഞ
വെണമല്ലൊ? അതുതന്നെയല്ലയൊ ത

ങ്ങളും മനസ്സായിരിക്കുന്നതു? (പ) ഉള്ളതാ
ണു, പക്ഷെ അതിനിക്കു ധൈൎയ്യംതൊന്നു
ന്നില്ലാ. (ഗു) കൊള്ളാം, ഈ ധൈൎയ്യവും
ദൈവത്തിന്റെ ഒരു വിശെഷ മനൊഗുണ
മാണെല്ലൊ? ആയതു എറിവൊടെ അനെക്ക
പ്പൊൾ പ്രാൎത്ഥിക്കുന്നവൎക്കു ഒരുനാളും അ
ങ്ങിനു കൊടുക്കാതിരിക്കുന്നതുമല്ലാ നിശ്ച
യം. (പ) എ!!നമസ്കാരമൊ? ഇപ്പൊൾന
മസ്കാരമെന്നതു ഇല്ല, ഇനിനമസ്കരിപ്പാൻ
ഇനിക്കുപാടില്ലാതെയായി തീൎന്നിരിക്കുന്നു.
(ഗു) പാടില്ലെന്നൊ? ഒ! അതില്ല. തങ്ങൾ
ക്കു എപ്പൊഴും നമസ്കരിപ്പാൻ പാടുണ്ടു. ത
ങ്ങൾ ഒടുക്കത്തെ ശ്വാസം വിടുന്ന ക്ഷ
ണംവരെയും മനസ്സുണ്ടാകുമെങ്കിൽ അതിനു
തടവാകയില്ല നിശ്ചയം. ആകയാൽ താ
ല്പൎയ്യത്തൊടെ പ്രാൎത്ഥിച്ചുകൊൾകെവെണ്ടു,
തങ്ങളുടെ നമസ്കാരം നല്ലതും ഫലസിദ്ധി
യുള്ളതുമായിത്തീരുന്നതിനു വല്ല പ്രായശ്ചി
ത്തവും കൂടെ ചെയ്യെണം. (പ) പ്രായശ്ചി
ത്തമൊ? പ്രായശ്ചിത്തമെന്ന പെരു കൂ
ടെ കെൾപ്പാൻ പാടില്ലാതെയായിരിക്കു
ന്നു. (ഗു) പാപാവകാശങ്ങളിൽ നിന്നു ഒ

ഴിഞ്ഞുപൊകെണം. (ഫ) അതൃസ്സും ശക്തി ഇനിക്കില്ല. (ന) തങ്ങൾ വെഗം ഒരു പരിശുദ്ധ പട്ടക്കാരന്റെ കാൽപ്പാദങ്ങൾക്കൽ മനസ്താപത്തൊട്ടുക്രുടെ ചെല്ല്യ. (ഫ) ആദ്യ പ്രാവശ്യം ഇനിക്ക വിചാരം വന്നിട്ടുണ്ട; എങ്കിലും വൃഥാ. (ന) മുഴുവൻധ്യാനങ്ങൾ കഴിക്ക. (ഫ) പത്തൊ ഇരുപതൊ വൎഷമായി മുഴുവൻധ്യാനങ്ങൾ കഴിച്ചുതുടങ്ങീട്ട എന്നാലും ഇനിക്കൊരു മാററവും വരുന്നില്ല. എന്നുമാത്രമല്ല, ഏററമെററം മൊശമായി തീരുകയാണെന്ന ചെയ്യുന്നതെന്ന തൊന്നുന്നു. (ന) അപ്പഴൊ എന്റെ പ്രിയസ്നെഹിതാ! എന്താണ ചെയ്വാൻതുടങ്ങുന്നത? (ഫ) ഇനിക്കറിവാൻമെലാ, ഏതെങ്കിലും ശരണം തന്നെ. (ന) പക്ഷെ തങ്ങൾ ഠരം ശരണം വെക്കുന്നതാരിലാണ? (ന) ദൈവം നല്ലവനാണ എന്നൊട്ട ദയചെയ്യും. (ന) അതെ ഞാൻ പറയുംവണ്ണം ചെയ്യുമെങ്കിൽ ദൈവം തങ്ങളൊട്ടും ദയചെയ്യും; എന്നാൽ ഇതുവരെ കഴിച്ചപ്രകാരംതന്നെ ജീവിതംകഴിച്ചും അങ്ങ ഗുണാധികാരംകൊണ്ട ദുശ്ശീലയൊഗം ചെയ്തുംകൊണ്ട അങ്ങെക്കൊപം

തങ്ങളുടെമെൽ വരുത്തുവാൻ ദൈവത്തെ നിർബന്ധിക്കുന്നെങ്കിൽ, അപ്പൊൾ തങ്ങൾ പറയുന്ന ആയനുഗ്രഹത്തിന്നിട കാണുന്നില്ല. (ച) ഹൊ! ഇതെത്രപെരൊട്ടു ഞാൻപറഞ്ഞുകൊടുക്കുന്ന ഗുണദൊഷമാണു! (ന) പിന്നെ എന്ത്യ തങ്ങൾക്കായിട്ടു ആ ഗുണദൊഷം ഫലിപ്പിക്കാത്തതു? (ച) അതുള്ളതു തന്നെ ഏതെങ്കിലുംനാം ശരണപ്പെടെണം. (ന) കൊള്ളാം എന്റെ പ്രി: സ്നെഹിതാ! എപ്പൊഴും ഠരം ശരണം എന്തുകാൎയ്യത്തിലാണു ഉറപ്പിക്കുന്നതു? (ച) ഒ! ഒരുസമയം, ഇപ്പൊൾ എന്നാൽ സാധിക്കാത്തതു വരും കാലത്തിൽ കഴിയുമായിരിക്കും, ആൎക്കറിയാം. (ന) വരുംകാലം! ഒ! വരുംകാലം!! എന്റെ പ്രിയപ്പെട്ടവനെ വരുംകാലമാണു ഒട്ടിച്ചുകളയുന്നതു.. ചൊല്ലെ നാം പറയെണ്ടതു ഇങ്ങിനെയാകുന്നു: വരുംകാലം നമ്മിൽ ഓരൊരുത്തൎക്കായി ഇല്ലാഴ്മയാകുന്ന ഇതിനാൽ ഇല്ലാഴ്മതന്നെയാകുന്ന വരുംകാലത്തിലെ തിരിവിന്മെൽ ശരണപ്പെടുന്നതു. പക്ഷെ നല്ലവഴിക്ക തിരിക്കുന്നതു വരുംകാലമെന്ന മൊഴിയാണൊ? അല്ല, ദൈവം,

ദൈവംതന്നെയാണ. ഇപ്പൊൾ ദൈവത്തി
കൽ തിരിഞ്ഞു ചെല്ലുന്നതിന്ന എന്തുമാത്രം ത
ങ്ങൾ സമയം കുറിക്കുമൊ, അത്രെക്കാം ഒരം വ
രുംകാലം തങ്ങൾക്കായിട്ട ഭയകരമുള്ളതാ
യി തീരുന്നു. അതെന്തെ ദൊഷങ്ങളുടെ എ
ണ്ണം വൎദ്ധിപ്പിക്കുന്തൊറും തങ്ങൾക്കു എത്രയും
ആവശ്യമുള്ളതായ ദൈവനന്മയെ ദുഷ്പ്ര
യൊഗംചെയ്യുന്നതുകൊണ്ടു ദൈവമനൊഗു
ണങ്ങൾ തങ്ങൾക്കായിട്ടു കുറച്ചുകളയുന്നു.
പിന്നെ തങ്ങളുടെ മരണം പെട്ടെന്നുള്ള ഒരു
മരണമായിത്തീൎന്നാലൊ? അങ്ങിനെയാക
യില്ലെന്നതങ്ങൾക്കെന്തൊരു നിശ്ചയമുണ്ടു?
ഓ! ദൈവമെ! ലൊകത്തിൽ എത്രയൊ
പെര ദിനംപ്രതി ഒരു മാത്രകൊണ്ടു അവ
രുടെ ഭൂലൊകവാസത്തിന്നന്ത്യം ഭവിച്ച
നിത്യതപത്തിലെക്കുപുറപ്പെട്ടുപൊകുന്നു!!ഹാ!
എന്റെ ബ: സ്നെഹിതാ! ദൈവത്തിൻപക്ക
ൽ തങ്ങൾ തിരിയാമെന്നു കരുതുന്ന ആ വ
രുംകാലം വരുംമുമ്പെ ആ പരലൊകയാത്ര
ക്കാരുടെ എണ്ണത്തിൽ തങ്ങളും ഒരുവനായി
എണ്ണപ്പെട്ടാലൊ!! (ഫ) ഓ! അതെ.. ശരിത
ന്നെ, എന്റെ നല്ല സ്നെഹിതാ! തങ്ങൾ ന്യാ

യമായിട്ടു എന്റെ വായടച്ചിരിക്കുന്നു. ഓ! മഹാദൈവമെ! എന്റെ സ്ഥിതി എന്തൊരു സ്ഥിതി എന്റെ ആത്മാവിൽ ഒ! എത്രയൊ ചഞ്ചലം! എത്രയൊ കലക്കം! എന്റെ അന്തസ്സിന്റെ മഹത്വവും, എന്റെ ജീവിതത്തിന്റെ അയൊഗ്യതയും നൊക്കുമ്പൊൾ ഇനിക്കെത്രയൊ ലജ്ജ. എത്രയൊ ഭയങ്കരമായ നരകാരംഭം!! ഹാ! തീരട്ടെ, എന്നെ ഇത്ര പീഡിപ്പിക്കയും വിമ്മിഷ്ടപ്പെടുത്തുകയും ചെയ്യുന്ന ഈ പ്രാക്കപെട്ട ജീവിതം.. പാപത്തിന്റെ ജീവിതം ഇപ്പൊഴെങ്കിലും, എപ്പൊഴെക്കുമായിട്ടു ഞാൻ അവസാനിപ്പിക്കെണം. "ഞാൻ എഴുന്നെററ പിതാവിന്റെപക്കൽ പൊകുന്നു" (ലൂക്ക ൧൫). തങ്ങളും എന്റെ മാന്യസ്നേഹിതാ! ദൈവം എന്നൊടു കരുണചെയ്തു പൊറുതി തരുന്നതിന്നായി അങ്ങെപ്പക്കൽ പ്രാത്ഥിക്കെണമെ! ഈശൊമിശിഹാക്കു സ്തുതിയായിരിക്കട്ടെ..

ഒ! ഭാഗ്യമെ! ഇതുവായിക്കുന്ന ആ പട്ടക്കാരൻ, തനതാത്മാവിനെ മുറുക്കി കെട്ടിയിരിക്കുന്ന പാപത്തിന്റെ കനത്ത തുടലുകളെ പൊട്ടിച്ചു അയാളുടെ മഹത്വപ്പെട്ട അ

ന്നസ്സിന്ന പാപമായ ജീവിതത്താൽ വരുത്തിയിരിക്കുന്ന മെനിക്കഷയത്തെ തീൎത്ത പട്ടക്കാൎക്കുട്ടത്തെ മാത്രം കിരീടത്തിന്ന അലങ്കാരശോഭ വരുത്തിയെങ്കിൽ ഹാ! അയാൾക്കെത്രയൊ ഭാഗ്യം!!

ഇനി രണ്ടാംഗണത്തിൽപ്പെട്ട ഒരു പട്ടക്കാരൻ തന്നത്തു ഭയങ്കരമായ ആത്മാവസ്ഥയെ ദൈവാനുഗ്രഹത്താൽ കണ്ടുഗ്രഹിച്ചിട്ട മൂന്നാംഗണത്തിൽപ്പെട്ട ഒരു പുണ്യഗുരുവിനൊട്ട സംഭാഷണംചെയ്യുന്ന വിധം ഇപ്രകാരം എഴുതിയിരിക്കുന്നു. (പ) മന്ദഗുരു. (പു) പുണ്യഗുരുവിനൊട്ട, ബ: എന്റെ അച്ചാ! പണ്ടെതന്നെ ഇനിക്ക എന്റെ ഭയങ്കരമായ ആത്മാവസ്ഥയെപ്പററി വിചാരം വന്നിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പൊൾ ഏററം സൂക്ഷ്മതയൊടെ ഞാൻ കണ്ടുബൊധിച്ചിരിക്കുന്നു. ഞാൻ ആത്മമന്ദതയിൽ ഉൾപ്പെട്ട ഒരു പട്ടക്കാരനായിപ്പൊയിരിക്കുന്നു. (പു) ഓ! എന്റെ പ്രിയമുള്ള സ്നെഹിതാ! ഭാഗ്യക്കെട്ട! അതെ, മഹാഭാഗ്യക്കെട്ടതന്നെ; പക്ഷെ ഞങ്ങൾ പറയുന്നതു സൂക്ഷ്മംതന്നെയാണൊ? (പ) സംശയിക്കെണ്ട;

ഏറയും സൂക്ഷ്മംതന്നെ, ഞാൻ ഇപ്പൊൾ പ
റയാം, രണ്ടൽതന്നെ അതിന്റെ പരമാൎത്ഥം
കണ്ടു പിടിക്ക; എന്റെ ഇപ്പൊഴത്തെ അ
വസ്ഥ നൊക്കുന്നുവെങ്കിൽ, ഞാൻ വലിയ
ഉതപ്പുകളും സൂക്ഷ്മമായിട്ടുള്ള ചാവുദൊഷങ്ങ
ളും, എന്റെ സ്വഭാവത്താൽ തന്നെ വെറു
ക്കുന്ന ചില പാപങ്ങളും മനംപൊകാതിരി
പ്പാൻ സൂക്ഷിച്ചൊഴിഞ്ഞുപൊകുന്നുണ്ട. എ
ന്നാൽ പാപദൊഷങ്ങളുടെ അറുതി കടന്നു
പൊയില്ലെന്നു ഇനിക്കുതൊന്നുന്ന കുറ്റങ്ങ
ളിൽ നിന്നൊഴിയുന്നതിന്നായി ഞാൻ യാ
തൊരു പ്രയത്നവുംചെയ്യുന്നില്ല. ഞാൻ ഒ
രു പാപം ചെയ്വാൻ പൊകുമ്പൊൾ അ
തു ചാവുദൊഷമായി തീരുമൊ എന്നി
നിക്കു ചിലപ്പൊൾ തൊന്നിയാലും എപ്പൊ
ഴും എന്റെ അപ്പൊഴപ്പൊഴുള്ള ചാച്ചില്യ
പൊലെ പ്രവൃത്തിപ്പാനായി ഓ! ഇതു കട
ത്തിവിടാം എന്നു വിചാരിച്ചു എന്റെ ആഗ്ര
ഹംപൊലെതന്നെ പ്രവൃത്തിക്കും എങ്കിലും
പിന്നെ ഉള്ളിൽ കുറെ കലക്കം ശെഷിക്ക
യുംചെയ്യും; ഏറക്കുറെ എല്ലാപുണ്യങ്ങൾക്കും
ഞാൻ കെട്ടതട്ടിക്കുന്നുണ്ട. ഇനിക്കുള്ള കുറച്ചി

ല്ലുകൾ അനെകമാണു; എന്നിട്ടും ആ കുറച്ചി
ല്ലുകളെ തീരെ മാററിക്കളവാൻ എനിക്കു ഒ
രു വിചാരവും ഉണ്ടാകുന്നില്ലെന്നു മാത്രമല്ല,
അതിന്നായി ആ കുററങ്ങളൊടു എതിരായി
ഒരു യുദ്ധവും ചെയ്യുന്നില്ല. പഠനത്തിന്മെൽ
എനിക്കൊരിഷ്ടവുമില്ല. എന്നാൽ സന്തൊഷ
ങ്ങളിന്മെലും കളികളിന്മെലും വലിയൊ
രിഷ്ടമായിത്തന്നെ തൊന്നുന്നു; കരാവുള്ളതും
അഭ്യസനം കഴിക്കുന്നതുമായ ആ ജീവിതം
എനിക്കു സഹിച്ചുകൂടാ. പെരുന്നാളാഘൊഷ
ങ്ങളും അനാവശ്യ യാത്രകളും മായത്തിന്നു
ടുത്ത കൂടിക്കാഴ്ചകളുമായി സമയം കഴിച്ചു
കൂട്ടുന്നതു എനിക്കു മഹാ താല്പൎയ്യംതന്നെ. എ
ന്റെ അന്തസ്സിന്നടുത്ത ചിററാഴ്മകളെക്കൊ
ണ്ടുള്ള ഫലം തുലൊം ചുരുക്കമായിരിക്കു
ന്നു. കുമ്പസാരിപ്പിക്കുന്നതു വലിയൊരു ഭാ
രം; വെദൊപദെശം പൊരുൾതിരിച്ചു ജ
നങ്ങളൊടുപദെശിക്കുന്നതു നന്നാമൊശം;
അതിനെക്കാൾ എത്രയും മൊശമായിട്ടാണു
പ്രസംഗം; ബുദ്ധിയുപദെശം പറയുന്നതിന്നും
മററും ഞാൻ വളരെ ഉപെക്ഷയായിരി
ക്കകൊണ്ടു പാപികളുടെ നല്ല തിരിവിന്നാ

ബി പ്രത്യെകിച്ചൊന്നുംതന്നെ പ്രയത്നം ചെയ്യുന്നില്ല. രൊഗികളുടെയും പാപപ്പെട്ടവരുടെയും കാൎയ്യം ഞാൻ ഒട്ടുംതന്നെ വകവെക്കുന്നില്ല. ഈ കടശി പറഞ്ഞിരിക്കുന്നവരുടെ ആത്മകാൎയ്യത്തെപ്പറ്റി എനിക്കു യാതൊരു വിചാരവുമില്ല. ഇനി എന്റെ പള്ളി യൊഗ്യമായവണ്ണം വെടിപ്പാണെന്നു പറയാമൊ? ഒ! അതില്ലെന്നുതന്നെ പറയെണം. സംക്രീസ്തിമുറിയിൽ എല്ലാം താറുമാറായിരിക്കുന്നു. തിരുവസ്ത്രങ്ങളും പള്ളിയിലെ ചമയങ്ങളും കാണുന്നവൎക്കു അലിവുതൊന്നിപ്പൊകും. എല്ലാംകൊണ്ടും എവിടെ നൊക്കിയാലും എന്റെ ഉദാസീനതയും വിചാരമില്ലായ്മയും കൊണ്ടു എന്നെകുറ്റപ്പെടുത്തുവാൻ തക്കവണ്ണമായിരിക്കുന്നു. എന്റെ സുകൃതകൃത്യങ്ങളെ എണ്ണുന്നെങ്കിൽ ഒ! എത്രയും അല്പം. കുൎബ്ബാന, കാനൊനാ നമസ്കാരം, ചിലപ്പൊൾ പപ്പാതിയായ ചില നമസ്കാരങ്ങളും ഇതാ എല്ലാം തീൎന്നുപൊയി. ഒ! എന്നാൽ ഈ ചുരുക്കമായ കൂട്ടങ്ങളും കൂടെ കഴിച്ചുകൂട്ടുന്ന വിധം ആ! എന്തുപറയെണ്ടു... ഇനി ഉത്തരത്തിലുള്ള മറ്റു മുറകളും അനെ

കം പറവാനുണ്ടായിരുന്നു. എന്നാൽ ൦ര൦ വെളിപ്പെട്ടത്തിയിരിക്കുന്നവ സൂക്ഷിക്കുന്നെ കിൽ ഞാൻ ആദ്യം പറഞ്ഞപ്രകാരം തന്നെ യാണു എന്റെ ആത്മാവസ്ഥയെന്നു കണ്ടു ഗ്രഹിപ്പാനല്ലതിന്നു അവ മതിയായിരിക്കു ന്നു. (ന) ഒ! എന്റെ സ്നേഹിതാ! തങ്ങൾ നല്ല പരമാൎത്ഥമുള്ള ഒരു ദൈവവൃഴിയക്കാ രനാണെന്നു ഞാൻ എത്രയും തെളിവായി കണ്ടിരിക്കുന്നു. ഹാ! ഇതിനിക്കെത്രയൊ സന്തോഷം! കൊള്ളാം, ഇപ്പോൾ എന്താണു ഒരു തീൎമ്മാനം ചെയ്യാൻ കരുതിയിരിക്കുന്ന തു? (വ) ഇതുതന്നെയാണു ഞാനും വിചാ രിക്കുന്നതു; പക്ഷെ എങ്ങിനെയാണെന്നു ഇനിക്കു തിരിയുന്നില്ല. (ന) അതെങ്ങിനെ തങ്ങളുടെ സ്ഥിതി എത്രയും ഭയങ്കരമായ യോഗ്യസ്ഥിതിയാണെന്നു അറിയുമ്പൊൾ ഒ രു മുറ നിശ്ചയിക്കുന്നതു സ്വഭാവമായിവ രുന്നതാണെല്ലൊ. (വ) ഹെ! ശാസ്ത്രപ്രകാ രം പറഞ്ഞാൽ അങ്ങിനെതന്നെ, പക്ഷെ പ്രവൃത്തികൂട്ടുമ്പൊൾ വെറെ പ്രകാരമാ ണു കാണുന്നതു. (ന) അതുപൊകട്ടെ, ഇ പ്പോൾ എന്റെ പ്രി: അച്ചാ! ധൈൎയ്യമായിരി

ക്ക ദൈവം തങ്ങളെ സഹായിക്കും അദ്ദെ
ന്നുകൊണ്ടുസൎവ്വത്തുംസാധിക്കാവുന്നതാണെ
ല്ലൊ! (പ) അതിന്നു സംശയമുണ്ടായിട്ടില്ല.
പക്ഷെ എന്റെ നിൎഭാഗ്യപ്പെട്ട സ്ഥിതി എ
ന്നെ വളരെ ഭ്രമിപ്പിക്കുന്നു എങ്കിലും പി
ന്നെ ഞാൻ തീരെ തന്ത്ര്യ പട്ടക്കാരന്റെ വ
ഴിയിലാണെന്നുപറഞ്ഞുകൂടല്ലൊ. (ന) അത്തു
സമ്മതം... എന്നാൽ ഒന്നറിയെണം, തങ്ങ
ൾ ആ സ്ഥിതിയിലൊട്ടു തന്നെയാണു ഓടി
യെത്തുവാൻ പൊകുന്നത്തു. (പ) ഒരുകാൎയ്യം
പാപദൊഷമാണെന്നു സൂക്ഷമായിട്ടു ഞാൻ
അറിഞ്ഞാൽ അത്തു ചെയ്യയില്ല. (ന) കൊ
ള്ളാം അങ്ങിനെയൊ? എന്നാൽ തങ്ങൾ ക
രുതുന്നതുപൊലെ പാപദൊഷത്തിന്റെഅ
റുതി കടക്കുന്നില്ലെന്നു തങ്ങൾക്കെന്തൊരു
നിശ്ചയമുണ്ടു? (പ) ഒ! അതില്ല. പാപദൊ
ഷത്തിന്റെ അറുതി കടക്കുന്നില്ല. (ന) ഹൈ!
അങ്ങിനെ പറയും..– ആ!! പിന്നെ തങ്ങ
ൾ തന്ത്ര്യ പട്ടക്കാരന്റെ ചുവട്ടടിയിൽ നി
ന്നു ഒരടിമാത്രമെ മാറിനടക്കുന്നുള്ളു. പ
ക്ഷെ അങ്ങിനെയല്ലയെന്നതിന്മെൽ തങ്ങ
ൾക്കെന്തൊരു ഉറപ്പുണ്ടു? (പ) അതിന്മെലാ

ണു ഞാൻ ഭയപ്പെടുന്നതു. അതെ, അതു ഞാൻ ന്യായമായിട്ടു ഭയപ്പെടെണ്ടുന്ന ഒരു കാൎയ്യംതന്നെ. തങ്ങൾ പറയുന്ന ന്യായങ്ങൾ കാൎയ്യത്തിന്റെ പട്ടാംഗയെ വെണ്ടുംവണ്ണം വെളിയിക്കുന്നുണ്ടു. തന്ന്യപട്ടക്കാരന്റെ ദുൎഭാഗ്യപ്പെട്ട സ്ഥിതിയിൽ ചെന്നു വീഴാതിരിപ്പാൻ ഞാൻ ഒട്ടും സൂക്ഷിക്കുന്നില്ല. (ച) തങ്ങളുടെംരംജീവിതമുറ ദൈവത്തിന്നു പ്രസാദിക്കുന്നതാണെന്നു തൊന്നുന്നുണ്ടൊ? (ഉ) ഓ! അങ്ങിനെയൊന്നും പറവാൻമെല. (ച) തങ്ങളുടെ ഇപ്പൊഴത്തെ ജീവിതം തനത്തു പരിശുദ്ധമുള്ള അന്തസ്സിന്നു യൊഗ്യമായതാകുന്നുവെന്നു പറയാമൊ? (ഉ) പരിഖെദം അങ്ങിനെയല്ലെന്നുതന്നെ പറയെണം (ച) തങ്ങൾ പ്രസംഗത്തിൽ ജനങ്ങളെ പഠിപ്പിക്കുന്ന പുണ്യജീവിതത്തിന്നൊത്ത സുകൃത ദൃഷ്ടാന്തങ്ങളെ ജനങ്ങൾക്കു കാട്ടിക്കൊടുക്കുന്നുണ്ടൊ? (ഉ) എന്തുപറയെണ്ടു, ഹാ! കഷ്ടം!! (ച) തങ്ങളുടെ വിചാരണയ്ക്കു ഏല്പിക്കപ്പെട്ട ആത്മാവുകളെ രക്ഷിക്കുന്നതിന്നായി പ്രയത്നം ചെയ്യുന്നുണ്ടൊ? (ഉ) അങ്ങിനെ ചെയ്യണമെന്നുണ്ടു, പക്ഷെ അങ്ങിനെ ചെയ്യു

ന്നില്ല. (ന) ദൈവ ശുശ്രൂഷയിൽ തങ്ങൾക്ക ആശ്വാസവും മനഃപ്രീതിയുമായി തൊന്നുന്നുണ്ടോ? (റ) ഇല്ല. തങ്ങളുടെ മനസ്സാക്ഷി നല്ലസമാധാനമായിരിക്കുന്നുണ്ടെന്നു പറയാമൊ? (റ) ഒരുപ്രകാരവുമില്ല. (ന) ഈ സ്ഥിതിയിൽ മരിപ്പാൻ സമ്മതമുണ്ടൊ? (റ) ഹൊ! ദൈവമെ!! ബ: എന്റെ സ്നേഹിതാ! തങ്ങൾ എന്താകുന്നു പറയുന്നതു?..മരിപ്പാനൊ?! അയ്യയ്യൊ! ഈ സ്ഥിതിയിൽ ദൈവം എന്നെ മരിപ്പിക്കല്ലെ!! (ന) കൊള്ളാം... എന്നാൽ എന്റെ പ്രിയ സ്നേഹിതാ! തങ്ങൾ ജീവിതം നന്നാക്കി, തനതന്തസ്സിന്നു യോഗ്യമായ പുണ്യജീവിതം കഴിക്കയില്ലെന്നായാൽ ഒരു പുണ്യപ്പെട്ട മരണം പ്രാപിക്കുമെന്നു വിചാരിക്കുന്നൊ? (റ) അതിന്മെലാണു ഭയം... (ന) എ. പ്രി. സ്നേഹിതാ! എന്റെ ചോദ്യങ്ങൾക്കുള്ള തങ്ങളുടെ ഉത്തരങ്ങളെ സൂക്ഷിക്കുന്നെങ്കിൽ തങ്ങൾ എത്രയും വേഗത്തിൽ തനതന്തസ്സിന്നടുത്ത പുണ്യവഴിക്കു തിരിയുന്നതിന്നു തീൎച്ചയായ പ്രതിജ്ഞചെയ്യാരംഭിപ്പാൻ വളരെ ആവശ്യമായിരിക്കുന്നെന്നു തെളിവുള്ള കാൎയ്യ

മാണെല്ലൊ. (൨) അതെ, ശരിതന്നെ. ഇതാ ഇപ്പോൾത്തന്നെ ഞാൻ ഒരുങ്ങിയിരിക്കുന്നു. "ഞാൻ എഴുനീറ്റ എന്റെ പിതാവിന്റെ പക്കൽ പൊകുന്നു,,. (ലൂക്ക. ൧൫.) ഓ! എന്റെ ദൈവമെ! അങ്ങിന്ന ഇനിക്കിപ്പോൾ ചെയ്യുന്ന മഹാ കൃപയെ പ്രതി അങ്ങിന്ന വാഴ്ത്തപ്പെട്ടവനാകട്ടെ. "ഞാൻ ഇപ്പോൾ തുടങ്ങിയെന്നു ഞാൻ പറഞ്ഞു.... ഈ മാററം ഉയരപ്പെട്ടവന്റെ വലത്തെതിൽ നിന്ന ഭവിച്ചതായിരിക്കുന്നു.,, (മസമൊറ).

എസ്സ്യൂബപ, എന്ന ദെഹം "സത്യഗുരുക്കൾ കൂട്ടത്ത സുകൃത ശുശ്രൂഷാന്തി,, എന്ന പെരായി എഴുതീട്ടുള്ള വെറൊരു പുസ്തകത്തിൽ അനുവാചകം കൂടെയും ഇവിടെ ചെക്കുന്നു...

ഈശൊതമ്പുരാൻ എവൻഗെലിയൊനട്ടത്ത അങ്ങെ തൊട്ടത്തിൽ സുകൃത വെലക്കാരരായി തെരിഞ്ഞെടുത്തിരിക്കുന്ന ബ: സത്യഗുരുക്കളെ! ഇനിക്കെത്രയും പ്രിയമുള്ള മാന്യ സഹൊദരരെ! ഈശൊമിശിഹാ കൎത്താവിന്റെ നാമത്താലെയും, അങ്ങെ തിരു രക്തത്തിന്റെ വിലയായി നിങ്ങൾക്കു ര

ക്ഷിപ്പാൻ പാട്ടുള്ളവരായി കിടക്കുന്ന കണക്കില്ലാത്ത പാപികളുടെ നാമത്താലെയും രണ്ടു മൊഴിക്കൂടെ പറവാൻ നിങ്ങൾ ഇനിക്കനുവദിക്കേണം.. എത്രയുംപ്രിയപ്പെട്ടവരെ! ൦രംശൊതമ്പുരാൻ അങ്ങെ ഇടംതന്നെ നമുക്കൊഴിഞ്ഞുതന്നിരിക്കുന്നു. അങ്ങിന്നു ഇഹലൊകത്തിൽ ജീവിച്ചിരുന്ന കാലത്തിൽ, അറിവില്ലാത്തവരെ ഉപദെശിച്ചുപഠിപ്പിക്കയും, സങ്കടപ്പെട്ടവരെ ആശ്വാസിപ്പിക്കയും, പാപികളെ നെർവഴിയിൽ തിരിപ്പിക്കയും മററും ചെയ്തുകൊണ്ടു അങ്ങെതൊഴിലിനെ താൻ കുറവുക്കൂടാതെ നിറവെററിയിരുന്നു. എന്നാൽ, ആ വ്യാകുലപ്പെട്ട രാത്രിയിൽ, തൻെറ തിരുമരണത്തിന്നു തലെനാൾ തൻെറ വെലകൾ നിർത്തി, പാപികളെക്കുറിച്ചുമുമ്പിലത്തെക്കാൾ അധികമായ മനസ്സലിവു കാട്ടിക്കൊണ്ടു അവരെ രക്ഷിപ്പാനായി ഗുരുപ്പട്ടം ഏല്പെടുത്തി.. ലൊകത്തെ രക്ഷിപ്പാനായി തൻെറ ജീവിതകാലത്തിൽ നടത്തിയിരുന്ന ആ മഹാവെലകളെ അങ്ങെപ്പെക്കും, അങ്ങെ നാമത്തിലും നിവൃത്തിപ്പാനായി, ഒരുപ്രകാരം പറഞ്ഞാൽ തന്നെ

ഞാൻ അനെകംപൊരാക്കിച്ചമെച്ചിരിക്കുന്നു. ഒ! ഈശൊതമ്പുരാൻെറ ഉയിരുള്ള സ്വരൂപികളെ! ഗുരുപ്പട്ടക്കാരരായ രക്ഷിതാക്കളെ! ഈശൊകർത്താവിൻെറ ദിവ്യമായ വെലകളെ ഇടവിടാതെ നടത്തുന്നതിന്നായി വാക്കിലടങ്ങാത്ത അധികാരത്താൽ അലങ്കരിക്കപ്പെട്ടവരെ! നാം നമ്മുടെ വിളിപ്പിന്നു യൊഗ്യമാംവണ്ണം ഉത്തരിക്ക. കർത്താവു നമ്മുടെനെരെ കാട്ടിയിരിക്കുന്ന ഉന്നതമായ വിശ്വാസകക്ഷത്തിന്ന എപ്പൊഴും നമ്മെത്തന്നെ നാം യൊഗ്യരായി കാട്ടുവാൻ വിചാരിക്കെണം. ആത്മാവുകളെ,.. ഒ!! ആത്മാവുകളെ നാം രക്ഷിക്കെണം.. അതെ, പ്രിയപ്പെട്ടവരെ! നമ്മെ, നമ്മെത്തന്നെയായിരിക്കുന്നു ആത്മാവുകളുടെ നിത്യരക്ഷയെ കർത്താവു ഏല്പിച്ചിരിക്കുന്നതു. ഈശൊമിശിഹാക്കു ഏത്രയും പ്രിയപ്പെട്ട ആയാട്ടിൻകൂട്ടത്തെ ശത്രുവിൻെറ കൈകളിൽനിന്നു നാം പറിച്ചെടുക്കെണം. ഈ ആട്ടിൻകൂട്ടം നിത്യനരകത്തിലൊട്ടു പൊകുന്ന വഴിയെ നാം ഇടയിൽ തടുത്ത വഴി മുറിച്ചുകളയെണം. നരകപാതാളം തുറന്ന ഈ കൂട്ടത്തെ വിഴുങ്ങു

ന്നതിന്നായി മഹാ ആശയോടെ പാൎത്തിരിക്കയാണു. ൟ ജ്ഞാന ആട്ടിൻകൂട്ടത്തെ രക്ഷയുടെ നേർവഴിക്കാക്കി, ആ മനോഹര മോക്ഷവാതിൽ നാം അതിന്നു തുറന്നുകൊടുക്ക. ൟ ആത്മാവുകൾ നിത്യമായി മോക്ഷരാജ്യത്തിൽനിന്നു പുറത്തു തള്ളപ്പെടുന്നതിന്നു തന്നെയാണുന്യായം. എന്നാലും കൎത്താവ ആയാത്മാവുകളെ ഇതുവരെയും തള്ളിട്ടില്ല; ഇനിയും മോക്ഷരാജ്യം അവൎക്കു തുറന്നുകൊടുപ്പാൻ കൃപയോടെ ഒരുങ്ങിയിരിക്കുന്നതു നിശ്ചയം...

ആകയാൽ പ്രിയമുള്ള എന്റെ ബ: സഹോദരരെ! യുദ്ധം.. അതെ യുദ്ധം.. നമ്മുടെ എരിവും ശുഷ്കാന്തിയും കെടുത്തിക്കളവാൻ വേലചെയ്യുന്ന ആ പ്രത്യേക കുററങ്ങളെ നമ്മിൽ നിന്നില്ലാതെയാക്കുവാനായി ഇളവില്ലാതെ നാം യുദ്ധംചെയ്യേണം. അപ്പഴോ ധൈൎയ്യം, സുകൃതമായ നമ്മുടെ എരിവിനെ കെടുത്തി മന്ദിപ്പിക്കുന്ന ബോധയടക്കമില്ലായ്മകൾക്കും എതിരായി നാം യുദ്ധം ചെയ്യേണം, ക്രമമററ അന്യ ചിന്തകൾക്കു മണോ; നമ്മെമുഴുവനും മാംസത്തിന്നടുത്തവ

രാക്കിത്തീക്കുന്ന മാംസമെചരകൾക്കും മരണം; നമ്മുടെ ഹൃദയത്തെ ദ്രവ്യത്തിലൊട്ടു കെട്ടി വലിക്കുന്ന ലുബ്ധിന്നും മരണം. മുഴുവനും ദൈവത്തിന്നടുത്തതാകുന്ന ആ നമ്മുടെ മഹാ ചിററാഴ്മയിൽ ദൈവസ്തുതിയെ നാസ്തിയാക്കുന്ന അഹംഭാവത്തിനും മരണം; ഏത്രയും ശുദ്ധമുള്ള പ്രവൃത്തികളിൽ നമുക്കു വെറുപ്പു വരുത്തുന്ന ആ മന്ദഗുണത്തിന്നും മരണം. ഓ! ഏറിയ നിർഭാഗ്യങ്ങൾക്കു ഉറവയും ജനങ്ങൾക്കു ഉതപ്പുമായിരിക്കുന്ന മിനക്കെടിന്നും മരണംതന്നെ വെണം.

പിന്നെയും നമ്മുടെ വിശ്വമുള്ള പ്രയത്നം ഇതുകൊണ്ടുമാത്രം മതിയാക്കെണ്ടതല്ല. നിലം ഉഴവുചെയ്തു നിരപ്പാക്കിയശെഷം, നാം വിത്തു വിതച്ചു കൊള്ളുന്നതിന്നുംകൂടെ വെല ചെയ്യാൻ ആവശ്യമായിരിക്കുന്നു. അടിസ്ഥാനം കെട്ടിയശെഷം നാം പണി ഉയൎത്തുന്നതിന്നും വിചാരിക്കെണ്ടതാകുന്നു. ദുൎഗ്ഗുണങ്ങളെ നാം അശെഷം സംഹരിച്ചശെഷം വിശെഷമായ പുണ്യങ്ങളെക്കൊണ്ടു നാം അലങ്കരിപ്പാനുംകൂടെ നമുക്കു താല്പൎയ്യമുണ്ടായിരിക്കെണം. ആകയാൽ ഉയിരുള്ള വിശ്വാ

സം, സ്ഥിരമുള്ള ശരണം, എരിവുള്ള ഉപവി, ദൈവീകമായി എത്രയും ഉയിരുള്ളസുകൃത ശുദ്ധാന്തി, എത്രയും ആഴമുള്ള എളിമ, കഠിനമായ തപസ്സ, അലിവുള്ള ഭക്തി, പുണ്യത്തെ സ്നേഹിപ്പാൻ വലിവുള്ളതായി ഉറപ്പുള്ളതും സ്നേഹമയമുള്ളതുമായ ഭക്തി, മാററമില്ലാത്ത സൽഗുണം, മനുഷ്യരിൽനിന്നുള്ള തനതു പ്രയോജനവും നന്ദിയും പാൎത്തിരിക്കാതെ കണ്ടുള്ള പ്രയത്നം, പുണ്യജീവിതത്തിന്നൊക്കും മനസ്സുവരുത്തുന്നതായ അടക്കം, ക്രമം, വിനയഭാവം,., ഇവയെല്ലാം നമ്മിൽ വിശേഷവിധത്തിൽ ഉണ്ടായിരിപ്പാനായി ഇടവിടാതെ നാം വേലചെയ്യേണം. ഹൊ! ഇതാ നാം നല്ലപട്ടക്കാരരായിരിക്കുന്നതിന്ന നമ്മുടെ ഹൃദയമൊക്കയൊട്ടുംകൂടെ സ്നേഹിച്ചു അനുസരിച്ചു നടത്തെണ്ടുന്ന പുണ്യങ്ങൾ ഇവയാകുന്നു. അതെ പട്ടക്കാൎക്ക എത്രയും ആവശ്യമായ ൟ പുണ്യങ്ങൾ നാം അനുസരിച്ചു നടക്കുന്നില്ലെങ്കിൽ നമ്മുടെ അന്തസ്സിന്ന യോഗ്യമായ ചിററാഴ്മക്കാരരു നാം ആകയില്ല നിശ്ചയം.

വന്ദിക്കപ്പെട്ട സഹോദരരെ! ഓ! മിവ

സം; ആ മഹാദിവസം വരുന്നു, ഭയങ്കരമായ ദിവസം! നാശങ്ങളുടെ ദിവസം! എരിവും ശുഷ്കാന്തിയുമില്ലാത്ത പട്ടക്കാൎക്കുവെണ്ടി മഹാനിൎഭാഗ്യങ്ങളുടെ ദിവസം അടുത്തുവരുന്നു. മനഃക്ലെശത്താൽ വിമ്മിഷ്ടപ്പെട്ടമെന്ന ദിവസം! ആ മഹാദിവസത്തിൽ, ദിവ്യവിധിയാളന്റെ സമക്ഷത്തു നാം നില്ക്കുമ്പൊൾ നമ്മുടെ തൊഴിലിന്റെ മഹാ കടങ്ങളെ എപ്രകാരമാകുന്നു നാം നിറവെറ്റിയിരിക്കുന്നതെന്നുള്ള കാൎയ്യത്തെക്കുറിച്ച എത്രയും സൂക്ഷ്മമായ അന്വെഷണമുണ്ടാകും. ഒ! അപ്പൊൾ എങ്ങിനെ നാം ഉത്തരം പറയെണ്ടിവരും! ദിവസം അടുത്തുവരുന്നു. മിശിഹാതമ്പുരാൻ "നിന്റെ കുലവറക്കണക്ക തരിക" എന്നു നമ്മിൽ ഓരൊരുത്തരൊട ചൊല്ലപ്പെട്ടമ്പൊൾ, ഒ! നമ്മുടെ ജീവിതം മുഴുവനും ആചരിച്ചു നടക്കെണ്ടിയിരുന്ന പുണ്യകൃത്യങ്ങൾക്ക പകരം മായത്തിന്നടുത്ത തണുത്ത പ്രവൃത്തികൾമാത്രം കാട്ടുന്നതിന്നിടയാകുമെങ്കിൽ ആ! അയ്യൊ നമുക്ക കഷ്ടം! മഹാ കഷ്ടം തന്നെ!!

ഒരു പരിശുദ്ധ പട്ടക്കാരൻ തന്റെ ദ

ആ കൂട്ടകാരൻ പുത്തൻകുൎബാനമാത്രം ചൊല്ലീട്ടു മരിച്ചുപൊയി എന്നു കെട്ടപ്പൊൾ മഹാ ഉയിരുള്ള വിശ്വാസത്തൊടെ നെട്ടുവീൎപ്പിട്ടു പറഞ്ഞതായത: "ഒ! അയാൾക്കു ഭാഗ്യം! മഹാ ഭാഗ്യം!! ഒരു കുൎബാനയെക്കുറിച്ചുമാത്രം പരമ വിധിയാളന്റെ സന്നിധിയിൽ കണക്കു കെൾപ്പിച്ചാൽ മതിയെല്ലൊ,, എന്നു. എന്നാൽ നമ്മുടെ കാൎയ്യംകൊണ്ടു ഒ! ഇപ്രകാരമാകയില്ല, എത്രയൊ കുൎബാനകൾ! എത്രയൊ കുമ്പസാരങ്ങൾ, എത്രയൊ പ്രസംഗങ്ങൾ! എത്രയൊ രൊഗികൾ! എത്രയൊ ആത്മാവുകൾ!.. ഒ! ദൈവമെ! ദിവ്യമായ തൊഴിലുകളൊക്കയിലുമുള്ള നമ്മുടെ നടപടികൾ നമ്മുടെ തലമെൽ ഭാരപ്പെട്ടിരിക്കും!.. ഇവയെല്ലാം നല്ലവണ്ണംതന്നെ നടത്തിയിരിക്കുന്നെങ്കിൽ ഹാ! നമുക്കു ഭാഗ്യം! മഹാ ഭാഗ്യംതന്നെ,.. എന്നാൽ അന്നു ശാന്തതപ്പെടുത്തുവാൻ വഹിയാത്ത ആ മഹാവിധിയാളന്റെ മുമ്പാകെ ന്യായമുള്ള ശരണത്തൊടെ നില്ക്കാമെന്നു നമുക്കിപ്പൊൾ എന്തൊരുറപ്പുണ്ടു? ഒ! പട്ടക്കാൎക്കടുത്ത നമ്മുടെ ജീവിതത്തിൽ ശുദ്ധമായി എത്രയൊ

ഇടകളുണ്ടായിരിക്കും! എത്രയൊപെൎക്കു ന
ല്ല ബുദ്ധികൾ പറഞ്ഞുകൊടുപ്പാൻ ആവ
ശ്യവും ഇടയുമുണ്ടായിട്ടു ആയതു നാം ചെ
യ്യാതിരുന്നു! പാപികൾക്കു എത്രപ്രാവശ്യം
രക്ഷെക്കടുത്ത ഹൃദയക്കടികൾ വരുത്തുവാ
ൻ നമുക്കിടയുണ്ടായിട്ടും അപ്രകാരം നാം
ചെയ്യാതെ വിട്ടുകളഞ്ഞു! നിത്യരക്ഷെക്കടു
ത്ത എത്ര പ്രയത്നങ്ങൾ കഴിപ്പാനും അതി
ന്നായി ഓരൊന്നു ആരംഭിപ്പാനും നമുക്കു
പാടുണ്ടായിട്ടും ആയവയെ നാം കൂട്ടാക്കാ
തെ കടന്നുകളഞ്ഞു! ഓ! എത്രയൊ പ്രാവ
ശ്യം പാപികളെ തെടിരക്ഷിപ്പാൻ നമുക്കു
പാടുണ്ടായിരുന്നിട്ടും നാം അതിന്നു വിചാ
രപ്പെടാതിരുന്നു! പാപികളുടെ നല്ലതിരി
വിന്നായി ദൈവത്തിൻപക്കൽ അനുഗ്രഹം
പ്രാൎത്ഥിപ്പാൻ നമുക്കിടയുണ്ടായിട്ടും എത്രപ്രാ
വശ്യം നമസ്കരിപ്പാൻ നാം മടിഞ്ഞുകളഞ്ഞി
രിക്കുന്നു! ആ ധൂളിമാനരുടെഗുണത്തിന്നായി
വല്ല പ്രായശ്ചിത്തം ചെയ്യാൻ ന്യായവും ഇ
ടയുമുണ്ടായിട്ടു എത്രയൊപ്രാവശ്യം നാം
യാതൊന്നും ചെയ്യാതിരുന്നിട്ടുണ്ടായിരിക്കും!
എല്ലാംകൊണ്ടും നമുക്കു മനസ്സുണ്ടായിരുന്നു

വെങ്കിൽ എത്രയൊ ആത്മാവുകളെ രക്ഷിപ്പാൻ നമുക്കു പാടുണ്ടായിരുന്നു! എന്നിട്ടും നാം ആത്മ മന്ദതയിലും അജാഗ്രതയിലും മുഴുകി ജീവിച്ച മുഖാന്തരത്താൽ ഇപ്പോൾ ആയാത്മാവുകൾ ഒന്നുകിൽ നിത്യനരകപാതാളത്തിൽ വീണു ദുരിതപ്പെടുന്നു!! അല്ലെങ്കിൽ അതിൽ വീഴാറായിരിക്കുന്നു.

അപ്പഴൊ വന്ദിക്കപ്പെട്ട! സഹോദരരെ! സുവിശെഷത്തിന്നടുത്ത വെലക്കാരരെ! നാം വെഗം ഉണരെണ്ടിയിരിക്കുന്നു. നമ്മുടെ മന്ദത്തിൽനിന്നു ഉണരപ്പെടുവാൻ സമയമായിരിക്കുന്നു. (ശ്ലീഹാ) കാലം കഴിഞ്ഞിട്ട പ്രയൊജനംകൂടാതെ നിത്യമായ ഹൃദയക്കുടികൾക്കു കാരണമായി തീരായ്പാൻ ഇപ്പൊൾത്തന്നെ നമ്മുടെ ജ്ഞാന ഉറക്കത്തിന്നവസാനംവരുത്തെണ്ടിയിരിക്കുന്നു.

ഈശൊതമ്പുരാന്റെ തിരുഹൃദയം! ഓ! അരെ, കൃപയും സ്നെഹവും നിറഞ്ഞ ആ ദിവ്യഹൃദയം തന്നെ ഈ ചുരുങ്ങിയ വാചകം നിങ്ങളുടെ കാല്പാദത്തുങ്കൽ വെപ്പാൻ എനിക്കനുവദിച്ചതായിരിക്കുന്നു.

ആ! ദിവ്യരക്ഷിതാവെ! അങ്ങിന്നു ഇവ:

യെ ആശീർവ്വദിച്ച ഇവയെ ശുദ്ധമാക്കി ഫലസിദ്ധിയുള്ളതാകുവാൻ ഞങ്ങൾ ദൈവനന്മയുടെ സുകൃത നൈമയം കല്പിച്ചരുളെണമെ!! അങ്ങെപ്പക്കൽ പ്രാർത്ഥിക്കുമ്പൊൾ, പ്രത്യെകം അങ്ങെ ചിററാഴ്മക്കാക്കുവെണ്ടി പ്രാർത്ഥിക്കുമ്പൊൾ സർവ്വത്തും സാധിക്കുന്നവളായ അങ്ങെ ദിവ്യമാതാവു പരിശുദ്ധകന്യാസ്ത്രീ മറിയത്തിന്റെ മദ്ധ്യസ്ഥതവഴിയായിട്ടും അനുഗ്രഹം ചെയ്യരുളെണമെന്നു എന്റെ ഹൃദയമൊക്കെയൊടുംകൂടെ അങ്ങെപ്പക്കൽ സാദ്ധ്യപ്പെട്ട സാഷ്ടാംഗമായി പ്രാർത്ഥിക്കുന്നു.

ഈശോമിശിഹായ്ക്കു, അനവരതകാലം
സ്തുതിയും പുകഴ്ച്ചയുമുണ്ടായിരിക്കട്ടെ.
ആമെൻ, നമ്മുടെ ചിററാഴ്മകളിൽ
താൻ മഹത്വപ്പെടട്ടെ.

അവസാനം.

398

ഗുരുപ്പട്ടക്കാൎക്കടുത്ത

# സുജ്ഞാനദൎപ്പണം.

---

ഇത

ഫ്രാൻസ രാജ്യത്തിൽ, കത്താൻസ
എന്ന രൂപതയിലെ വെദവിദ്യാലയ
ശ്രെഷ്ഠാധിപന്റെ
വിശിഷ്ടപ്രബന്ധങ്ങളിൽനിന്ന
പരിഭാഷപ്പെടുത്തപ്പെട്ടതു.

—o—

വരാപ്പുഴെ
മെത്രാപ്പൊലീത്താക്കടുത്ത
അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടത
1881.
Superiorum permissu.